Reg. No. T. 213. വേ. പ്ര. മദ്ധ്യസ്ഥൻ.

വേദപ്രചാര

മദ്ധ്യസ്ഥൻ.



പുസ്തകം ൨) ഫൻവൻ ഒക്ടോബർ (ലക്കം ൯.

License No. 183.

മദ്ധ്യസ്ഥൻ.

പുസ്തകം ൨) ഫ്രൻറൻ ഒക്ടോബർ (ലക്കം ൪.

പ്രസാധകക്കുറിപ്പുകൾ.

൧. ജപാപ്പസ്നോലസഖ്യം

സാധാരണമായി തിരുഹൃദയ സഭ എന്ന പേരിൽ അറിയപ്പെടുന്ന ജപാപ്പസ്നോല സഖ്യം ഇക്കഴിഞ്ഞ ജൂൺ മാസത്തിൽ, പരിശുദ്ധ സിംഹാസനത്തിൽനിന്നും കല്പിച്ചു അനുവദിച്ചതനുസരിച്ച് മുറപ്രകാരം എ. പെ. പെ. ബ.മെത്രാനച്ചൻ തിരുമനസ്സിൽ നിന്ന് ഇവിടെയും ഏർപ്പെടുത്തുകയും കോട്ടയത്തു പെററിസെമ്മിനാരി റെക്ടർ അവർകളെ അതിന്റെ ഡയറക്ടരായിട്ടു നിയമിക്കയും ചെയ്തിരിക്കുന്നു. പ്രസ്തുത സഖ്യത്തിൽ ചേരുവാനാഗ്രഹിക്കുന്നവർ പെററിസെമ്മനാരി റെക്ടർ, മാനേജർ, "മദ്ധ്യസ്ഥൻ" എന്ന ഏതെങ്കിലും മേൽവിലാസത്തിൽ എഴുതിഅയച്ചാൽ ആവശ്യപ്പെട്ടിച്ച ഫാറങ്ങൾ കിട്ടുന്നതാണ്. ഒരോരുത്തർ വെവ്വേറെ എഴുതുന്നതിനു പകരം ക്രൂട്ടമായോ ബ. വികാരിമാർ വഴിയായിട്ടോ അപേക്ഷിക്കുന്നതു ക്രൂടുതൽ സൌകര്യപ്രദമായിരിക്കുന്നതാണ്. പ്രസ്തുത സഖ്യത്തിൽ ചേരുന്നവർക്കു അനേകം ദണ്ഡവിമോചനങ്ങൾ ലഭിക്കാവുന്നതാകയാൽ വിശ്വാസികളെല്ലാവരും തന്നെ ഇതിൽ ചേരുവാൻ ശ്രമിക്കേണ്ടതാണ്. ഇതേപ്പററിത്തന്നെ ഒരു പ്രത്യേക ലേഖനം ഈ ലക്കത്തിൽ ഞങ്ങൾ ചേർത്തിരിക്കുന്നതിലേക്ക് വായനക്കാരുടെ ശ്രദ്ധയെ ഞങ്ങൾ സാദരം ക്ഷണിച്ചുകൊള്ളുന്നു.

൨. പുസ്തകാഭിപ്രായം

A പരമസത്യങ്ങൾ. (ഭാഷാന്തരം) പുസ്തകകർത്താവു് റവ. ബനഡിക്ററ് തണ്ണിക്കോട്ട്, പുത്തൻപള്ളി സെമിനാരി, വരാപ്പുഴ.
വില അണ ൨ പൈസ.

പ്രസ്തുതപുസ്തകം ഇവിടെ കിട്ടിയിട്ട് കുറേനാളായെങ്കിലും ഈയിടയേ അതുവായിക്കാൻ തൽക്കാലസൌകര്യം കിട്ടിയുള്ളൂ പുസ്തകം ചെറുതാണെങ്കിലും അതിലെ വിഷയവും പ്രതിപാദനരീതിയും വളരെനല്ലതായിട്ടാണ് ഞങ്ങൾക്കു തോന്നിയതു. ദൈവം നമ്മുടെ കർത്താവാകുന്നു, ദൈവം നമ്മുടെ സ്രഷ്ടാവാകുന്നു, എന്നിങ്ങനെ 31 വിഷയങ്ങൾ ഇതിൽ അടങ്ങിയിട്ടുണ്ട്. ക്രിസ്തീയകുടുംബങ്ങളിൽ ജ്ഞാനവായനയ്ക്കുപ്രസ്തുതപുസ്തകം ഏറ്റവും പറ്റിയതും ക്രിസ്ത്വനുകരണം പോലെ വലുപ്രമാണമെന്നു കാണുന്നു. പുസ്തകം ആവശ്യമുള്ളവർ ഗ്രന്ഥകാരനോടു് അപേക്ഷിക്കേണ്ടതാണ്.

B. വേദപുസ്തകവും വിഭിന്നസഭകളും

ഗ്രന്ഥകർത്താവു്. നൈനാൻ വറുഗീസ്സ് വില്ലോത്തു്

വില ചക്രം നാ. മാത്രം.

കുറെ വർഷങ്ങൾക്കു മുൻപു കത്തോലിക്കാസഭയെ ആശ്ലേഷിച്ച ശേഷം, അയിരൂരിലുള്ള നവീന വിശ്വാസികളുടെ കൂട്ടത്തിലേ കത്തോലിക്കരിൽ പ്രമുഖ യോദ്ധാവായിനിന്നു ജിഹ്വകൊണ്ടും തൂലികകൊണ്ടും സഭാമാതാവിനെ സ്തുതിച്ചുകൊണ്ടിരിക്കുന്ന ഒരു മാന്യനാണ് ശ്രീമാൻ നൈനാൻ വറുഗീസു. കത്തോലിക്കാസഭ, വേദപുസ്തകത്തെ പൂജിക്കുന്നില്ലെന്നും പ്രത്യുത അകത്തോലിക്കാ ക്രിസ്ത്യാനികളാണ് വേദപുസ്തകത്തെ ശിരസാവഹിച്ചു, വേദപുസ്തകം പരിപൂർണ്ണമായി, ആധാരമാക്കി ജീവിക്കുന്നതെന്നുമൊക്കെയും ഒരു നാട്യം അവർക്കുണ്ടു്. എന്നാൽ ഇതുവാസ്തവ വിരുദ്ധമാണെന്നുള്ളതിനുള്ള പൂർവ്വവും സ്വാനുഭവത്തെ അടിസ്ഥാനപ്പെടുത്തിയും ഗ്രന്ഥകർത്താവു പ്രസ്തുത പുസ്തകത്തിൽ സമർത്ഥിച്ചിട്ടുണ്ടു്. ഈ പുസ്തകം നിവൃത്തിയുള്ള കത്തോലിക്കരെല്ലാവരും വാങ്ങിവായിക്കുകയും അകത്തോലിക്കാ സഹോദരന്മാരുടെ ഇടയിൽ പ്രചരിപ്പിക്കുകയും ചെയ്യേണ്ടതാണ്. മദ്ധ്യസ്ഥൻ ബുക്കഡിപ്പോയിൽ അപേക്ഷിക്കുക.

C ചെറുപുഷ്പവത്സരം

പുസ്തകകർത്താ: ക. നി. മ. സ. ബ. എജിദിയോസച്ചൻ. ചെത്തിപ്പുഴ കൊവേന്ത, ചങ്ങനാശേരി.

റവ. ഫാദർ എജിദിയോസ് അവർകൾ തുടർച്ചയായി നസ്രാണി ദീപികയിലും മറ്റുകത്തോലിക്കാമാസികകളിലും എഴുതിപ്പോരുന്ന ലേഖനങ്ങൾ വഴിയായി അത്ഭുതത്തിന്റെ ഭാഷാജ്ഞാനം ഇതിനകം പലക്കും സുവിദിതമായിട്ടുണ്ടല്ലൊ. "My year with soeur Therese of the child jesus" എന്ന ഇംഗ്ലീഷ് പ്രതിയുടെ ഒരു ശരി തർജ്ജമയാണ് ഞങ്ങളുടെ മുൻപിലിരിക്കുന്ന പുസ്തകം. ഇപ്പോൾ ലോകമൊട്ടുക്കു പ്രചാരത്തിലിരിക്കുന്ന വിശുദ്ധ കൊച്ചുത്രേസ്യാ പുണ്യവതിയുടെ ഭക്തി നമ്മുടെ കേരളത്തിലും ആശാസ്യമായ വിധത്തിൽ പ്രചരിച്ചിട്ടുണ്ടെന്നു കാണുന്നതു സന്തോഷാവഹമാണ്. പ്രസ്തുത പുണ്യവതിയുടെ ഭക്തന്മാർ സസന്തോഷം സ്വാഗതം പറയുവാനിടയുള്ള ഒരുപുസ്തകമാണ് പുഷ്പവത്സരം. നമ്മുടെ പുണ്യവതി, വർഷവട്ടത്തിനകത്തുള്ള ഓരോദിവസവും ധ്യാനിച്ചിരുന്ന ചിന്തകളുടെ തർജ്ജമയാണ് പുഷ്പവത്സരം. കത്തോലിക്കാ കുടുംബങ്ങളിൽ കൊണ്ട നമസ്കാരം കഴിഞ്ഞോമറ്റോ പ്രതിദിനംവായിക്കേണ്ട ഒരു പുസ്തകമാണിതു്. ആവശ്യമുള്ളവർ പരിഭാഷകനോടാവശ്യപ്പെടേണ്ടതാണ്.

മഹാത്മാവായ മാർയൗസേപ്പിന്റെ ജീവചരിത്രം.

അദ്ധ്യായം ൫.

വി. യൌസേപ്പിന്റെ ഒരു പ്രത്യേക ഭക്തി.

൧. മരണ വ്യഥയിൽ സ്ഥിതിചെയ്യുന്നവരോടുള്ള അനുകമ്പ.

ദൈവം നമ്മുടെ വിശുദ്ധനു് നൽകിയ വിശിഷ്ട ദാനങ്ങളുടെ കൂട്ടത്തിൽ അനിതര സാധാരണമായ ഒന്നായിരുന്നു മരണാസന്നന്മാരോടുള്ള വിശുദ്ധന്റെ അനുഗ്രഹബുദ്ധി. മനുഷ്യന്റെ മരണസമയത്താണല്ലൊ പിശാചിന്റെ ഏറ്റവും വലിയ പരീക്ഷയുണ്ടാകുന്നതു്. ആ ഭയങ്കര നാഴികയിൽ മനസ്സാപം കൂടാതെ മരിക്കുന്ന പാപികളുടെ ശോച്യാവസ്ഥ സദാസ്മരിച്ചുകൊണ്ടിരുന്ന യൌസേപ്പു യാതൊരുത്തനെങ്കിലും മരണാപകടത്തിലിരിക്കുന്നതായി അറിഞ്ഞാലുടനെ അയാളുടെപക്കൽ ചെന്നു് ദീന ശ്രുശ്രൂഷ ചെയ്യുകയും പിശാചിന്റെ വലയിലുൾപ്പെടാതിരിപ്പാൻ ദൈവത്തോടു അയാൾക്കു വേണ്ടി കണ്ണുനീർ ചിന്തി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. എന്നാൽ രോഗിയെ ചെന്നുകണ്ടാൻ സാധിക്കാത്ത അവസരത്തിൽ സ്വന്തം ഗൃഹത്തിൽ ചെന്നു നമ്മുടെ വിശുദ്ധൻ അയാളുടെ നന്മരണത്തിനായി വളരെനേരം നമസ്കരിക്കുകയും ഏതാനും തപക്രിയകൾ ചെയ്തു ദൈവത്തിനു സമർപ്പിക്കുകയുമത്രെ ചെയ്തിരുന്നതു്. മരണാസന്നരായ രോഗികളൊക്കെയും, യൌസേപ്പു അവരുടെപക്കൽ ശ്രുശ്രൂഷചെയ്തിരുന്ന അവസരത്തിൽ വളരെ ആശ്വാസം അനുഭവിച്ചു എന്നുമാത്രമല്ലാ നമ്മുടെ പുണ്യ ബാലന്റെ അടുത്ത ശ്രുശ്രൂഷക്കു ഭാഗ്യം ലഭിച്ചവരിലൊരുവനെങ്കിലും മരണശേഷം അല്പോ ഹത്തിന്റെ മടിയിലേക്കൊ ശുദ്ധീകരണസ്ഥലത്തേക്കൊ അല്ലാതെ നരകത്തിലെക്കു വിധിക്കപ്പെട്ടിട്ടില്ലായെന്നു മാലാഖാ വിശുദ്ധനെ മനസ്സിലാക്കിയിരുന്നു. ഇതു നമ്മുടെ യൌസേപ്പിനു അത്യന്തം ചാരിതാർത്ഥ്യത്തിനുകാരണമായിത്തീർന്നു.

2. പിശാചിന്റെ സംഭ്രമം. നമ്മുടെ വിശുദ്ധന്റെ ശുശ്രൂഷ നിമിത്തം നരകയോഗ്യന്മാരായ നിരവധി ആത്മാക്കൾ രക്ഷപെടുന്നതുകണ്ടു പിശാചിന്റെ വൈരാഗ്യം സീമാതീതമായിവർദ്ധിച്ചു. ദീർഘകാലത്തേക്കു തന്റെ വലയിൽ അകപ്പെട്ടുകിടന്നിരുന്ന ഒരു പരമദുഷ്ടൻ മരണവേളയിൽ യെഹൂസേപ്പിന്റെ പരിശ്രമഫലമായി വലയിൽ നിന്നു ചാടിയപ്പോൾ സാത്താൻ ഒരു വികടവേഷംധരിച്ചുകൊണ്ടു നമ്മുടെ വി. ബാലന്റെ മുമ്പിൽ പ്രത്യക്ഷനായി മേലിൽ ഇത്തരംകടും കൈയ്ക്കു പ്രയോഗിച്ചാൽ അവനെ വധിച്ചുഭസ്മമാക്കിക്കളയുമെന്നു ഭയപ്പെടുത്തി. എന്നാൽ യെഹൂസേപ്പുദൈവനാമം ചൊല്ലിനമസ്കരിച്ചപ്പോൾ സാത്താൻ മറഞ്ഞുപോകയും; തന്റെസ്ഥാനത്തു കാവൽമാലാഖാരംഗപ്രവേശനം ചെയ്തു നമ്മുടെ വി. ശുദ്ധനെ ആശ്വസിപ്പിക്കുകയും; മരണപ്രമാദത്തിലകപ്പെട്ടവരെ ജപോപവാസങ്ങൾ കൊണ്ടു സഹായിക്കുന്നതു ദൈവത്തിനു ഏറ്റവും ഇഷ്ടപ്പെടുന്നതാകയാൽ ആജ്ഞാലി ധീരധീരം തുടരണമെന്നു ഉപദേശിക്കുകയും ചെയ്തു.

3. പ്രത്യേക പ്രാർത്ഥന. മാലാഖായുടെപ്രമാണമനുസരിച്ചുമരണാസന്നന്മാരായ പാപികളെപ്രതിയുള്ള തന്റെപ്രാർത്ഥനകളും പ്രായശ്ചിത്തപ്രവൃത്തികളും ഒരുദിവസമെങ്കിലും യെഹൂസേപ്പു മുടക്കിയിരുന്നില്ല. ചിലദിവസം മാലാഖാ മരണാവസ്ഥയിലായിരുന്ന ഓരോ രോ നിർഭാഗ്യപാപികളുടെ അപകടസ്ഥിതിനമ്മുടെ യെഹൂസേപ്പിനെമനസ്സിലാക്കിയിരുന്നു. അപ്പോളൊക്കെയും നമ്മുടെ വി. ബാലൻ പൊട്ടിക്കരഞ്ഞുകൊണ്ടു അവരുടെ പാപപ്പൊറുതിക്കായി ദൈവത്തോടപേക്ഷിച്ചിരുന്നു. ഇത്ര വലിയ പ്രലാപത്തിന്റെ കാരണം അറിവാൻ മാതാപിതാക്കന്മാർ ആഗ്രഹിച്ചപ്പോൾ നമ്മുടെ യെഹൂസേപ്പു, "ഓ: എത്രയോ ആത്മാക്കൾ ദിവസംപ്രതി നരകത്തിലേക്കു വീഴുന്നു. മനുഷ്യഗണം പിശാചിന്റെ ആധീനത്തിൽ ആയിതീർന്നിരിക്കുന്നു. ക്രീസ്തു അതിവേഗം വന്നു നരകസൂത്തിന്റെ തലതകർക്കുന്നതിനുനമുക്കു അപേക്ഷിക്കാം," എന്നുപറഞ്ഞു. തങ്ങളുടെ വാത്സല്യപുത്രൻ ഇത്രയും ബോധിപ്പിച്ചതു അത്യന്തം സ്പൃഹണീയവിധത്തിലായിരുന്നതുകൊണ്ടു മാതാപിതാക്കന്മാർ പുത്രനോടൊപ്പം മരണപ്രായന്മാരായപാപികൾക്കു വേണ്ടി വളരെ തീക്ഷ്ണതയോടെ പ്രാർത്ഥിച്ചുതുടങ്ങി.

"ഉണർന്നിരിപ്പിൻ;
എന്തുകൊണ്ടെന്നാൽ നിങ്ങൾ
വിചാരിക്കാത്ത നാഴികയിൻ മൈവപുത്രൻ വരും"

(ലൂക്കാ. XII. 40)

ഫലപ്രദമായ

ഒരായുധം.

DHARMARAM COLLEGE LIBRARY 15639 BANGALORE

(ചെറുകഥ.)

(സി. ററി. അബ്രാഹം.)

"പ്രിയെ! ഇങ്ങോട്ടു വരൂ. എത്രനേരമായി ഇങ്ങനെ മുട്ടുകുത്തി നിൽക്കുന്നു. നിന്റെ കയ്യിൽ എന്താണ്? ജപമാലയൊ. കഷ്ടം! അബലകളായ സ്ത്രീകളെമാത്രമേ ഇങ്ങനെ വഞ്ചിക്കാൻസാധിക്കൂ. ഈ അന്ധവിശ്വാസത്തേയും അനാചാരത്തേയും ദൂരീകരിക്കുന്നതിനു് ചെയ്തിട്ടുള്ള പ്രസംഗങ്ങളും എഴുതിയിട്ടുള്ള ഗ്രന്ഥങ്ങളും നീ അറിഞ്ഞില്ലെന്നു വരുമൊ? സാധു! സാധു! സാധുക്കളെ വൻകുഴിയിൽ ചാടിക്കാൻ, പോക്കില്ലാത്ത കുറെ കപട സന്ന്യാസികൾ ഈ ആശ്രമത്തിൽ താമസിക്കുന്നുണ്ടു്. വിഗ്രഹാരാധനയും പ്രാർത്ഥനയും കൊണ്ടു് അവർ ജീവിതം പാഴിലാക്കുന്നു. ഇവിടെയും അവർ അധികാരം തുടങ്ങിയൊ? ഇതൊന്നും ഇവിടെ വേണ്ട കേട്ടോ. എന്തായാലും ഇങ്ങോട്ടു വാ. എന്റെ വയറ്റിൽ വേദന വർദ്ധിച്ചു വരുന്നു. ഒരു ഗ്ലാസിങ്ങോട്ടു തരൂ."

ആല്പ്സ് പർവ്വതത്തിന്റെ പ്രാന്തപ്രദേശം. പ്രകൃതിയുടെ നർത്തനരംഗമായ ആ പ്രദേശത്തു് രാജവീഥിയിൽ നിന്നും അല്പം ഉള്ളിലേക്കുകയറി, ശരൽക്കാല മേഘങ്ങളുടെ ഇടയിൽ തിളച്ചു മിന്നുന്ന ഒരു കൊച്ചു താരക പോലൊരു ചെറു ഗൃഹം. ഈ ഗൃഹക്കാർ ഒരു കാലത്തു് വലിയ പ്രഭുക്കളായിരുന്നു. എന്നാൽ ഇപ്പോൾ ഗൃഹനായകനായ റോബർട്ടിന്റെ ദുർവ്യയത്തിയാലും ദുർവ്യയത്താലും പൂർവ്വ പ്രൌഢിയെല്ലാം നശിച്ചു് ഈ കഥാരംഭ കാലത്തു് ദാരിദ്ര്യദേവതയുടെ നർത്തരംഗമായി പരിണമിച്ചിരിക്കുന്നു എന്നതന്നെ പറയാം. റോബർട്ടാകട്ടെ 'മിലാൻ സർവ്വകലാശാല'യിലെ ഉന്നത പരീക്ഷ പാസ്സായിട്ടുള്ള ഒരു ബിരുദ ധാരിയായിരുന്നു. എന്നാൽ കാലക്രമംകൊണ്ടു് കർത്തവ്യങ്ങൾ സഭയിൽനിന്നും തെറ്റി ഇപ്പോൾ ഒരു നിരീശ്വരനായിട്ടാണു് നാം കാണുന്നതു്. നിരീശ്വര സംഘത്തിൽചേർന്നു് 'ദി ബ്രദർ' (സഹോദരൻ) എന്ന ഒരു ഇംഗ്ലീഷ് പത്രത്തിന്റെ അധിപരായി ജോലി നോക്കി. ഇതിനോടുകൂടി മദ്യപാനവും ശീലിച്ചുവന്നു. ഇപ്പോഴാകട്ടെ, മദ്യപാനികൾക്കു് സഹജമായ ഉദര രോഗ ബാധിത

നായി കിടന്ന് ഭാര്യയെ ശകാരിക്കുന്ന ഒരു ഭാഗമാണ് മേൽ ഉദ്ധരിച്ചിരിക്കുന്നത്.

പ്രസ്തുത ഭവനം ദാരിദ്ര്യ രാഹുവിനാൽ ഗ്രസിക്കപ്പെട്ടിരുന്നെങ്കിലും പൂർവ്വന്മാരുടെ സുകൃതം കൊണ്ടോ ഗൃഹനായിക 'ലസീനിന്റെ' പുണ്യം കൊണ്ടോ, എന്തൊ കാരണയാൻ പോകുന്ന ഒരു ദീപത്തെപ്പോലെ സ്ഥിതിചെയ്യുന്നു. അവരുടെ ദാമ്പത്യജീവിതഫലമായിലഭിച്ച ആൽഫ്രഡ് എന്ന പൈതൽ ഒൻപതാമത്തെ വയസ്സിൽത്തന്നെ മരിച്ചുപോയിരുന്നു.

പുത്രന്റെ വിയോഗാനന്ത [illegible]
ഒരു താൻ ശിരിച്ചുപോന്ന [illegible]
ക്രൂപന്തായ്ക്ക് [illegible]
വരിക്കുതിരിക്കുന്ന സി
ലമായിപ്പോയി. ഈ അ [illegible]
നവും ഒന്നിനൊന്നു വർദ്ധിച്ചു [illegible]
കണ്ട് കഠിനമായി ഗ്രഹിച്ചിരുന്നു. സുഖോപഭോഗങ്ങളെ
ദൈവത്തേയും ആത്മിക കാര്യങ്ങളേയും കഠിനമായി [illegible]
ന്നു. ക്രൂരശകൾ കൊടുപ്പാൻ വന്ന വൈദികനെ മടക്കി അ [illegible]
സീനാകട്ടെ തന്റെ ഭർത്താവിനെ ദുർവൃത്തിയിൽനിന്നും മാറ്റി ഒരു നല്ലമരണം കൊടുക്കാൻ തിരുവുള്ളമുണ്ടാകുന്നതിന് ദൈവജനനിയോടു സദാ പ്രാർത്ഥിച്ചുവന്നു. ഇതിൽ കൃതാർത്ഥയായി അവൾ എന്തുചെയ്യും? തങ്ങളുടെ വിവാഹ ദിവസം സെന്റ് ബർനാർഡ് ആശ്രമത്തിലെ ഒരംഗമായ "ലോറൻസ"ച്ചൻ അവൾക്കു കൊടുത്ത ജപമാല അവൾ മുടക്കം കൂടാതെ ജപിച്ചു വന്നു. പതിനഞ്ചു വർഷം പ്രാർത്ഥിച്ചിട്ടും ഭർത്താവിന്റെ ദുർവൃത്തികൾ ഒന്നിനൊന്ന് വർദ്ധിച്ചതല്ലാതെ കുറഞ്ഞുവന്നില്ല. അന്തിമകാലത്തും മനസ്താപത്തിന്റെയായതൊരുലക്ഷണവും കണ്ടില്ല.

ലസീൻ നിരാശപ്പെടാതെ മുറിയിൽ രഹസ്യമായി സ്ഥാപിച്ച പരിശുദ്ധ കന്യകയുടെ രൂപത്തിൻ മുൻപാകെ മുട്ടുകുത്തി കൈകൂപ്പി കണ്ണിൽനിന്ന് ധാരയായി പുറപ്പെട്ടിരുന്ന കണ്ണീരിനെ തുടച്ചു പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ, അവളുടെ ഭർത്താവു പതിവുള്ള പല്ലവി പാടിക്കൊണ്ട് ഗർജ്ജിച്ചു.

".....ടീ പ്പോ! ഇങ്ങോട്ടു വരൂ. നിന്റെ പ്രാർത്ഥനയൊന്നും എനിക്കാവശ്യമില്ല. ആരുടേയും ശുപാർശയും എനിക്കു വേണ്ട, ഞാൻ പറഞ്ഞേക്കാം കേട്ടൊ. ഹാ എനിക്കു സഹിക്കാൻ പാടില്ലാത്ത വേദന. അയ്യോ അയ്യോ ഓടി വാ, ഒരു ഗ്ലാസ്സ് ഇങ്ങോട്ടു താ. വേണ്ട, ആ ബോട്ടിൽ തന്നെ ഇങ്ങോട്ടാകാണട്ടെ" എന്നു പറഞ്ഞുകൊണ്ട് തലയിണയിൽ ശക്തിയായി അടിച്ചു. (തുടരും)

ജപാറ്റുസ്കോലസഭ്യം.

J. C. K.

1) പ്രാരംഭവും അഭിവൃദ്ധിയും.

[illegible] ഏകദേശം ഒറ്റ മൈൽ [illegible] ഭാഗത്തായി [illegible] ഒരു [illegible] പ്രസിദ്ധ [illegible] ദേവാലയവും പരിശുദ്ധ [illegible] തീർത്ഥയാത്രക്കാരേയും [illegible] ദേവാലയത്തിനു സമീപം, സന്യാസ [illegible] നടക്കുന്നതുവരെ. ഈശോസഭക്കാരുടെ സന്യാസാശ്രമമായ് രുന്ന കോളേജ് സ്ഥിതിചെയ്യുന്നു. ഈ കോളേജിലെ വൈദിക വിദ്യാർത്ഥികൾ എല്ലാകാലത്തും വേദപ്രചാരണത്തിനു് ഉത്സുകരായിരുന്നതിനാൽ അവിടെ പഠിച്ചതിൽ പലരും ലോകത്തിന്റെ പലഭാഗങ്ങളിലും സത്യവേദം പ്രചരിപ്പിക്കാൻ പോയിട്ടുണ്ട്.

ഫ്രഞ്ചുകാരായ പ്രസ്തുത കോളേജിലെ അന്തേവാസിയായിരുന്ന ഫാദർ ഗവുത്രേ ആയിരുന്നു. ഇൻഡ്യായുടെ രണ്ടാമത്തെ അപ്പോസ്തലനായ ശൗര്യാർ പുണ്യവാന്റെ തിരുനാൾ ദിവസം തന്റെ ശിഷ്യ ഗണത്തിൽ വർദ്ധിച്ചുവരുന്ന മിഷ്യനറിഅരുപിയെ പുലർത്തുന്നതിനുള്ള ഒരു മാർഗ്ഗം ഫാദർ ഗവുത്രേക്കുതോന്നി. "നിങ്ങളുടെ ഓരോ ദിവസത്തേയും നിരൂപണം, വചനം, പ്രവൃത്തി, ദുഃഖദുരിതങ്ങൾ സകലതും ഈശോയുടെ തിരുഹൃദയത്തിന്റെ അഗ്രഹസാദ്ധ്യത്തിനായി കാഴ്ചവച്ചാൽ നിങ്ങൾക്കുംമിഷ്യനറിമാരാകാം" എന്നു് അദ്ദേഹം അവരോടുപദേശിച്ചപ്പോൾ ആ വിദ്യാർത്ഥികൾ സസന്തോഷം അതിനു സമ്മതിച്ചു. ഇതായിരുന്നു ഇപ്പോൾസാർവത്രികമായിരീന്നിരിക്കുന്ന പ്രാർത്ഥനയുടെ അപ്പസ്തോല സഖ്യത്തിന്റെ ആരംഭം.

ഈപുതിയ പ്രസ്ഥാനം താമസംവിനാ പല കോളേജ്ജുകളിലേക്കും വ്യാപിച്ചു. ഫ്രഞ്ചുൻ—ൽ ആണ് "ഗയത്താ" എന്നസ്ഥലത്തു ദേശഭ്രഷ്ടനായി താമസിച്ചിരുന്ന പരിശുദ്ധപിതാവു് —ൻ—ാം പീയുസ്സുതിരുമനസ്സുകൊണ്ടു് ഈസഖ്യത്തേപ്പറ്റി അറിഞ്ഞു സന്തോഷിക്കുകയും പല നൽവരങ്ങളും സഖ്യാംഗങ്ങൾക്കു നൽകുകയും ചെയ്തു്.

ഫ്രഞ്ചുകാ—ൽ ആദ്യത്തെ "തിരുഹൃദയദൂതൻ" പുറപ്പെട്ടു. ഈമാസിക പുതിയസഖ്യത്തിന്റെ പ്രചാരണത്തെ വളരെ സഹായിച്ചു.

പ്രവർത്തനം—ൽ ഒരു സഖ്യത്തിന്റെ സകലഅവകാശങ്ങളോടും സ്വാതന്ത്ര്യങ്ങളോടുംകൂടി തിരുസഭ, ഈഅപ്പോസ്തോലസഖ്യത്തെ അംഗീകരിക്കുകയും അംഗങ്ങൾക്കുകൂടുതൽ ദണ്ഡവിമോചനങ്ങൾ അനുവദിക്കുകയുംചെയ്തു.

"പ്രാർത്ഥനയുടെ അപ്പസ്തോലസഖ്യം ഏറ്റവും സൂക്ഷ്മാർഹമായ ഒരു സ്ഥാപനമാണെന്നുള്ളതിനുതർക്കമില്ല. അതുഎത്ര എളുപ്പമായ വഴിക്കു എത്ര നന്മ ചെയ്യുന്നു! അതിന്റെ അത്ഭുതാവഹമായ പ്രചാരവും തൻമൂലമുണ്ടാകുന്ന ഗുണവും അതിനോടു നമ്മുടെ കർത്താവിനുള്ള പ്രീതിപാത്രിയെ പ്രസ്പഷ്ടമാക്കുന്നു "എന്നാണു ഭാഗ്യസ്മരണയ്ക്കു അർഹനായ പന്ത്രണ്ടാം ലേയോൻ മാപ്പാപ്പാ ഒരവസരത്തിൽഅരുളിച്ചെയ്തുത്. ഫ്രാൻസിൽ മാത്രമല്ല ഇറ്റലി, സ്പെയിൻ, പോർട്ടുഗൽ, പോളണ്ട്, ബൽജിയം, ഇൻഡ്യാ, ചൈനാ, ജപ്പാൻ എന്നുവേണ്ടാ ലോകത്തിൽ എല്ലാ ഇടത്തും ഇതു പ്രചാരത്തിൽഇരിക്കുന്നതിനാൽ, ഒരു "കത്തോലിക്കാ (സാവ്ത്രിക)പ്രവർത്തനം" എന്നു ശരിയായിട്ടു അതിനെവിളിക്കാം. ഇതിനു് അൻപതു കൊല്ലം കൊണ്ടുണ്ടായിട്ടുള്ള അഭിവൃദ്ധി അത്ഭുത ജനകമായിരിക്കുന്നു. ഇപ്പോൾ ഇതിനു രണ്ടു ലക്ഷത്തിലധികം അംഗങ്ങളുണ്ടു്. ഈ സഖ്യതയുടെ ഔദ്യോഗിക പത്രികയായ "തിരുഹൃദയദൂതൻ" ഒമ്പതു ഭാഷകളിൽ പ്രതിമാസം നാല—ൽ അധികം പതിപ്പുകളായി പ്രതിമാസം നാല—ൽ അധികം ഭാഷകളിൽ നാനാദിക്കുകളിൽനിന്നും പ്രസിദ്ധീകരിക്കപ്പെട്ടവരുന്നു.

അസമാധാനത്തിന്റെയും അവിശ്വാസത്തിന്റെയും അസന്മാർഗ്ഗത്തിന്റെയും അന്ധകാരം വ്യാപിച്ചിരിക്കുന്ന ആധുനികകാലത്തു്, ഒരു പ്രാർത്ഥനാസഖ്യം മൂലം ലോകത്തിനു സിദ്ധിച്ചു കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളെ പര്യാലോചിച്ചാൽ, "സമാധാനത്തിന്റെ കുരിശുയുദ്ധം" എന്നു് ഇതിനെന്യായമായി അഭിധാനം ചെയ്യാവുന്നതാണു്.

സമയമില്ല.

ഇക്കഴിഞ്ഞ ഞായറാഴ്ച പള്ളിയിൽനിന്നുവിശുദ്ധകുർബാനയുടെ വാഴ്ചയ്ക്കു് സംബന്ധിക്കാതെവീട്ടിലേയ്ക്കു് പോകുന്ന രണ്ടു സഹോദരങ്ങളോടു് ഒരു ഇതരൻ വാഴ്ചനു മുൻപെ പള്ളിയിൽനിന്നു പുറപ്പെട്ടതു് എന്തുകൊണ്ടാണു് എന്നു ചോദിച്ചതിനു അവർ പറഞ്ഞുകേട്ട മറുപടിയാണു് "സമയമില്ല" എന്നുള്ളതു്. ഇതു് എത്രയോ ശോചനീയമായ അദ്ധ്യാത്മിക അന്ധത?

മനുഷ്യർ വിദൂരസ്ഥിതനായ ഒരു സ്നേഹിതനെ സന്ദർശിക്കുന്നതിനു് എത്ര ദിവസങ്ങളോ ആഴ്ചകളോമാസങ്ങളോ ചെലവഴിക്കുന്നതിനു മടിക്കുന്നില്ല. അതിനായി എത്രതിടുക്കമായ ജോലികളോ ഊണും ഉറക്കവുംതന്നെയോ ഉപേക്ഷിക്കുന്നതിനും ശങ്കിക്കുന്നതില്ല. ഒരുപോലീസ് ഉദ്യോഗസ്ഥനോ മറേറതെങ്കിലും അധികാരികളോ വരുന്നു എന്നറിഞ്ഞാൽ അരയ്ക്കു മുണ്ടുംകെട്ടി ഇരുകൈകളും കൂട്ടിത്തൊഴുതുകൊണ്ടു് എത്രസമയമായാലും നില്ക്കുന്നതിനു് അവക്കു് വൈമനസ്യമില്ല. എന്നാൽ സ്നേഹാശ്രയലയാൽ ബന്ധിതനായി സക്രാരിയിൽ ഏകാന്ത വാസംചെയ്യുന്ന ദിവ്യരക്ഷകൻ അവക്കായി സ്വർഗ്ഗത്തിൽ നിന്നുകൊണ്ടു വന്നിട്ടുള്ള വരപ്രസാദമാകുന്ന അമൂല്യ നിക്ഷേപത്തെ സ്വീകരിക്കുന്നതിനു് കൃത്യാന്തര ബാഹുല്യങ്ങൾ അവരെ അനുവദിക്കുകയുമില്ല.

ഇക്കൂട്ടരോടു് വിശുദ്ധ കുർബ്ബാനയിൽ സദാ പ്രസന്നനായിരിക്കുന്ന ദിവ്യ പിതാവു് ഇപ്രകാരം പറയുന്നു:—"വാത്സല്യമക്കളെ! നിങ്ങൾ കാറും മഞ്ഞും മഴയും അവഗണിച്ചു് അതിരാവിലെ എന്റെ ആലയത്തിന്റെ മുററത്തുകൂടി പട്ടണങ്ങളിലേയ്ക്കും കച്ചേരികളിലേയ്ക്കും പോകുന്നതു് ഞാൻ കാണുന്നു. കഷ്ടം എന്റെ രക്തംകൊണ്ടു് നിങ്ങളെ കഴുകിയിട്ടും നിങ്ങൾ എന്നെ അറിയുന്നില്ലയോ? സായാഹ്നമായാൽ റോഡുകളിലും കളിസ്ഥലങ്ങളിലുംനിന്നു് നിങ്ങളുടെ ക്ലേദമായ ആഫ്പ്പിളികൾ ദേവാലയ ഭിത്തികളിൽതട്ടിമാറെറാലിക്കൊള്ളുന്നതു് ഞാൻ കേൾക്കുന്നു. രാത്രികാലങ്ങളിൽ പോലും നാടകക്കൊട്ടകകളിലും ബയസ്കോപ്പുകൂടാരങ്ങളിലും നിങ്ങൾ തിങ്ങി കൂട്ടുന്നതു ഞാൻ കാണുന്നു. കച്ചേരി വരാന്തകളിൽ നിങ്ങൾ കൂട്ടംകൂട്ടമായിനിന്നു് സമയം വൃഥാനഷ്ടപ്പെടുത്തുന്നതു് ഞാൻ കാണുന്നില്ലെന്നോ? നിങ്ങൾക്കു് ഉണ്ണുന്നതിനും ഉറങ്ങുന്നതിനും കളിയ്ക്കുന്നതിനും ഉല്ലസിക്കുന്നതിനും പെടിപറയുന്നതിനും ഉലാത്തുന്നതിനും പാട്ടുപാടുന്നതിനും സമയമുണ്ടു്. എന്നാൽ അവസാനത്തോളം അതേ—ഗാഗുൽത്താ മലവരെ, മാത്രമല്ല എന്റെ ചങ്കിലെ ജലത്തിന്റെ അവസാനത്തുള്ളി വരെ—മാത്രമല്ല, എന്നന്നേയ്ക്കും നിങ്ങളെ സ്നേഹിച്ചതുകൊണ്ടു് നിങ്ങളുടെ സക്രാരികളിൽ ഏകാന്ത തടവിൽ ലോകാവസാനംവരെ വസിക്കുന്നതിനായി വന്നിരിക്കുന്ന എന്നോടു് ഒരുവാക്കെങ്കിലും പറയുന്നതിനോ എന്റെ ജീവനെതന്നെ ബലികഴിച്ചു് നിങ്ങൾക്കായി ഞാൻ സമ്പാദിച്ച വരപ്രസാദങ്ങളെ സ്വീകരിക്കുന്നതിനോ നിങ്ങൾക്കു സമയമില്ല. നിങ്ങൾ കച്ചേരിയിൽ നിന്നുവന്നാൽ നിങ്ങളുടെ സ്നേഹിതന്മാരോടും സഹോദരന്മാരോടും ഭാര്യയോടും കച്ചേരിയിലെ വിശേഷങ്ങൾ പറയുന്നതും വക്കീലിന്റെ സാമർത്ഥ്യത്തെ വിവരിക്കുന്നതും ഞാൻ കേൾക്കുന്നു. പക്ഷെ അതുസംബന്ധിച്ചും ഒരുംതന്നെ എന്നോടു പറയുന്നില്ല. വ്യവഹാര കാര്യങ്ങളിൽ നിങ്ങളുടെ സ്നേഹിതന്മാർ നൽകുന്നതുപോലുള്ള ഉപദേശങ്ങളോ സഹായങ്ങളോ നൽകുന്നതിനു് എനിക്കു് ശക്തിയില്ലെന്നു് വിചാരിച്ചായിരിക്കുമോ? അഥവാ നിങ്ങൾക്കു് സാഹായ്യംആവശ്യമില്ലെന്നുവരുമോ? ഏകാന്തവേളക

ളിൽ മനോ രാജ്യത്തിൽ കോട്ട കെട്ടിക്കൊണ്ട് നിഷ്പ്രയോജനമായി എത്ര സമയം ചെലവഴിക്കുന്നു. ആ സമയത്തെങ്കിലും എന്നോട് ക്ഷമിഇരിക്കുന്നതിനോ സംസാരിക്കുന്നതിനോ നിങ്ങൾക്ക് മനസ്സില്ലയോ? ഏതു സ്ഥലത്തേയ്ക്ക് ദൃഷ്ടി തിരിച്ചാലും അവിടെല്ലാം എന്റെ മക്കൾ ക്ലേശംക്ലേശമായി വരുന്നതുകാണാം. പക്ഷെ ദേവാലയാന്തർഭാഗത്തിലെ അഗാധമായ നിശ്ശബ്ദതയിൽ അഹോരാത്രം നിങ്ങളെ ക്ഷണിക്കയും പ്രതീക്ഷിച്ചിരിക്കയും ചെയ്യുന്ന എന്റെ ഏകാന്തത്തെ ഭേദിക്കുന്നതിന് ശ്രമിക്കുന്നവർ എത്രയോ ചുരുക്കം."

ഒരു കള്ളന്റെ

മാനസാന്തരം.

(ചെറുകഥ.)

.മിസ്സ് ടീസാ. എം. കെ. മനയാനി.

വൃദ്ധപുരിയിൽപെട്ട പുത്തൻപറമ്പിൽ വീട്ടിൽഏതാനുംകൊല്ലങ്ങൾക്ക് മുൻപു് ജീവിച്ചിരുന്ന മാത്തച്ചൻ എന്നയാളിനു പുത്രസൗഭാഗ്യമില്ലായിരുന്നു. അതിനാൽ ദൈവഭക്തനായ മാത്തച്ചൻ ക്ലേശപരിപൂർണ്ണനായി വളരെനാൾ ദൈവത്തോടു പ്രാർത്ഥിക്കുകയും ഒരുപുത്രനെങ്കിലും ജനിക്കുന്നപക്ഷം അവനെ ദൈവശുശ്രൂഷക്കു പ്രേരിപ്പിച്ചുകൊള്ളാമെന്നു് വാഗ്ദാനംചെയ്കയും ചെയ്തിരുന്നു.

ഇങ്ങനെ ഇരിക്കവെ ഭയങ്കരമായ ഒരു ജലപ്രളയാനന്തരം മാത്തച്ചൻ ആറുവക്കത്തു് ശേഖരിച്ചുരുന്ന തടികൾക്കു വല്ലനഷ്ടവും സംഭവിച്ചോഎന്നു പരിശോധിച്ചുകൊണ്ടു നിൽക്കുമ്പോൾ, ആറിലേക്കു ചാഞ്ഞിരുന്ന ഒരു വള്ളികെട്ടിനിടയിൽനിന്നും ഒരു ദീനസ്വരം കേൾക്കയാൽ വന്നിമാത്രം അദ്ദേഹം അടുത്തുഘടസ്ഥലത്തെത്തിയപ്പോൾ കണ്ടകാഴ്ചയെന്താണ്? ഓ! ഭയങ്കരം! അപ്പോഴും ഒരുവയസ്സുതികഞ്ഞിട്ടില്ലാത്ത, അരണ ധാരിയായ ഒരു കോമള ശിശു വെള്ളത്തിന്റെ ഉപദ്രവം ലവലേശം ഏൽക്കാതെ തൊട്ടിയിൽ അർദ്ധപ്രാണനായി കിടക്കുന്നതല്ലാതെ മറ്റെന്താണ്?. ദയാലുവായ മാത്തച്ചൻ "ദൈവം ഞങ്ങളുടെ പ്രാർത്ഥനയെ സ്വീകരിച്ചു"എന്നുമനസ്സാപറഞ്ഞു കൊണ്ട് കുട്ടിയെ എടുത്തു. ഏതുവംശജനെന്നറിഞ്ഞു കൂടാതിരുന്നതിനാൽശിശുവിനെജ്ഞാനസ്നാനത്തിനോമ്മാഗ്ദീനായുടെ നാമവും നൽകി ദൈവഭക്തിയിലും അനുസരണയിലും വളർത്തിവന്നു. താമസിയാതെതന്നെ മാത്തച്ചന്റെ ജന്മനക്ഷത്ര ദിവസം വരികയും അപ്പോൾമഹോത്സവമായി ഒരു ഫോട്ടോ കുടുംബമടച്ചു് എടുക്കുകയും ചെയ്തു.

അനന്തരം മാത്തച്ചന്റെ അനുജൻ വക്കീൽ, ചെറിയച്ചന്റെയും മാതാവിന്റെയും നിർബന്ധത്താൽ മാത്തച്ചന്റെ കുടുംബം തിരുവനന്തപുരത്തു താമസമായി.

ഒരുദുഃഖ വെള്ളിയാഴ്ചദിവസം ടി. കുടുംബാംഗങ്ങളേവരും പള്ളിയിൽപോയിവന്ന് ഒരുനേരമൂണും കഴിഞ്ഞ് വിശ്രമിച്ചിരിക്കുമ്പോൾ തൊമ്മച്ചൻ ഈ വിധം ഒരു സംശയം ചോദിച്ചു.

തൊ. അപ്പച്ച! ഇന്നത്തെ പ്രസംഗത്തിൽ എനിക്കൊരു സംശയം. നമ്മുടെ കർത്താവിനു മരണസമയത്തുണ്ടായ ദാഹംസാധാരണ ദാഹം അല്ലായിരുന്നു എന്നും അതുമാകട്ടെ രക്ഷയിലുള്ളതായിരുന്നുഎന്നും ഞാനുംകേട്ടു. അതുകൊണ്ടുതന്നെ എങ്ങനെയുണ്ട ദാഹമുണ്ടാകുന്നത്?

മാത്തച്ചൻ. കുഞ്ഞേ! നിന്റെ സംശയം നല്ലതുതന്നെ. നമ്മുടെ കർത്താവിനുണ്ടായ ദാഹം, താൻചിന്തിയ തിരുരക്തത്തിന്റെ ഫലം തന്റെസൃഷ്ടികളേവരും അനുഭവിക്കണമെന്നുള്ള അതിരറ്റീക്ഷ്ണമായ ആഗ്രഹമാണ്. അതായതു പാപികളുടെമാനസാന്തരം.അതിനായി താൻ ഇപ്പോഴും ലോകാവസാനം വരെ ദാഹമനുഭവിക്കയും ചെയ്യുന്നതാണ്.

തൊ. നമ്മുടെ കർത്താവിന്റെ ഈ ദാഹത്തിന് എങ്ങനെ ശമനം വരുത്താം?.

മാ നമ്മുടെ മാതൃകാ ജീവിതം കൊണ്ടും ധനസഹായം കൊണ്ടും പ്രേഷിതവൃത്തികൊണ്ടും എല്ലാത്തിനുംഉപരിയായി പ്രാർത്ഥനകൊണ്ടുമാവാം.

തൊ. അപ്പച്ചാ! ഒരുപട്ടക്കാരനാകുന്നതിന് എന്തെല്ലാം അനുവർദിക്കണമോ?

മാത്തച്ചൻ, ഇതുതന്നെ തന്റെ ജ്യേഷ്ഠപുത്രന്റെ രഹസ്യം വെളിപ്പെടുത്തുന്നതിനുള്ള അവസരമെന്നുകരുതി തൊമ്മച്ചന്റെ വിവരമെല്ലാവുംവിശദീകരിച്ചുകൊണ്ടിരിക്കുന്നതിനുമുൻപുള്ള തന്റെവാഗ്ദാനത്തേക്കുറിച്ചും പറഞ്ഞു. ഈ അവിചാരിത സംഭവം കേട്ട് ഒരു മണിക്കൂറുനേരത്തോളം ആ ബാലൻ നിശ്ചലനായി നിന്നുപോയി എന്നുപറയാം.

ടി. സംഭാഷണാനന്തരം തന്റെസാക്ഷാൽമാതാപിതാക്കന്മാരേക്കുറിച്ചുള്ള ഒരു സൂക്ഷ്മവിവരം തനിക്കുണ്ടാകുന്നതിനായി കുട്ടി ദൈവത്തോടു പ്രാർത്ഥിച്ചു. സ്കൂളത്തെ ഇംഗ്ലീഷ് പഠനം കഴിഞ്ഞ് സിമ്മിനാരിയിൽചേർന്ന് കാലവിളംബമെന്യേമിശിഹായുടെമുന്നിൽതിരിത്തോട്ടത്തിലെസ്ഥിരപരിശ്രമിയായ ഒരുകർഷകനായി അഥവാ പ്രേഷിതനായിത്തീർന്നു. എങ്കിലുംതന്റെമാതാപിതാക്കന്മാർ എവിടെ, ഏതുമതക്കാർ, അവർ വെള്ളത്തിൽനശിച്ചിരിക്കുമോ ദൈവമെ? അവരുടെ ആത്മസ്ഥിതിഎന്ത്? എന്നുള്ള വിചാരം വല്ലാതെ അദ്ദേഹത്തെ അലട്ടിയിരുന്നു. എന്നിരുന്നാലും ദൈ

വത്തിൽ ശരണംപ്രാപിച്ചു തന്റെ മാതൃകാജീവിതംകൊണ്ടും പ്രാർത്ഥനകൊണ്ടും വിശിഷ്യാ ഭക്തിജനകമായ തന്റെ പ്രസംഗംകൊണ്ടും അനേകം പേരെതാൻ ക്രീസ്തുമതത്തിൽ ചേർത്തു മിശിഹായുടെ പ്രേഷിതൻ എന്നുള്ള നാമത്തെ അർത്ഥവത്താക്കിതീർത്തു.

II

ഇനിയും നമ്മുടെ ബ: തോമാച്ചനെ വിദേശങ്ങളിൽപോയി നിജജോലി തുടർന്നാൽ കൊള്ളാമെന്നുണ്ടു്. അതിനായി അദ്ദേഹം സ്വന്തം മാതാപിതാക്കന്മാരെന്നവണ്ണം സ്നേഹിച്ചിരുന്ന മാർത്ത ച്ചനോടും ഭാര്യയോടും യാത്രപറഞ്ഞു് തന്റെ ചെറുപ്പകാലത്തെടുത്ത ഫോട്ടോയും വെള്ളത്തിൽ നിന്നും കിട്ടിയപ്പോൾ ധരിച്ചിരുന്ന അരഞ്ഞാണവും കൂടി പ്രത്യേകമെടുത്തു് യാത്രതിരിച്ചു. മൂന്നാംദിവസം അർദ്ധരാത്രിസമയത്തു് ഉദ്ദിഷ്ടസ്ഥലത്തു് എത്തി. എന്തുചെയ്യേണ്ടു എന്നു് അമ്പരന്നു നില്ക്കുമ്പോൾ ഇതാ! ഭീമകായനായ ഒരുമഹാതസ്കരൻ തന്നെ ആക്രമിക്കാൻ ഒരുമ്പെടുകയിൽ തന്റെ സ്വസ്വഭാവമായി കരുതിയിരുന്ന ഒരു തുങ്ങപ്പെട്ട രൂപം എടുത്തുകാണിച്ചു് "സ്നേഹിതാ ഈ കുരിശു് നിനക്കുവേണ്ടി ക്രൂടെയാണു് പാടുപെട്ടതു. നീ എന്നെ ഉപദ്രവിക്കരുതു; ഇതു് നിനക്കു് ഒരിക്കൽ ഉപകരിക്കും" എന്നുപറഞ്ഞു. "എന്തു്, എനിക്കുവേണ്ടി ക്രൂടെ ക്രീസ്തു പാടുപെട്ടെന്നോ? അസ്സ്, എന്റെ പൊടിപോലു മില്ലായിരുന്നല്ലൊ. ഉപദേശിക്കാതെ പോയാൽ ഉപദ്രവം ക്രൂരതെ പോകും" എന്നുപറഞ്ഞു് തസ്കരൻ അവിടെനിന്നും പോയി. ആ പരിശുദ്ധ പ്രേഷിതൻ ഇതുകൊണ്ടു് ഒന്നും കുലുങ്ങാതെ അജ്ഞാനാന്ധകാരത്തിൽ അജ്ഞാനമുറപ്പിച്ചും അനേകം ബുദ്ധിമുട്ടുകൾ സഹിച്ചു് രണ്ടുമൂന്നു വർഷം വേദം പ്രസംഗിച്ചും വരവെ, ഒരുദിവസം രാത്രി അദ്ദേഹം തന്റെ മുറിയിൽ തുങ്ങപ്പെട്ട രൂപത്തിൻമുമ്പാകെ കണ്ണുനീരോടുകൂടി പ്രാർത്ഥിച്ചുകൊണ്ടു നില്ക്കുമ്പോൾ ഇതാ പെട്ടെന്നു് ഒരു ഭയങ്കര മനുഷ്യൻ അകത്തു് കടന്നു് തുങ്ങപ്പെട്ട രൂപത്തിൻ മുൻപാകെ സാഷ്ടാംഗം വീണു നിലവിളിച്ചു. "ദൈവമെ എന്റെ മഹാപാപങ്ങൾപൊറുത്തു് എന്നെക്രീസ്തുമതത്തിൽചേർക്കണമേ എന്നു് അപേക്ഷിച്ചു. നമ്മുടെ ബ: തോമ്മാച്ചൻ ഈ അത്ഭുത സംഭവത്താൽ ആനന്ദചിത്തനായി അവനെ ആശ്വസിപ്പിച്ചു് വിവരം ചോദിച്ചറിഞ്ഞു ജ്ഞാനസ്നാനപ്പെടുത്തി തോമ്മാ എന്ന നാമം നൽകി. ഈ മഹാപാപി, പണ്ടു് അദ്ദേഹത്തെ ഉപദ്രവിക്കാൻവന്ന അതസ്കരൻതന്നെ. അതേ ദുഷ്ടതന്നെ അവൻ വീണ്ടും തുടങ്ങാനായി വന്നപ്പോൾ കണ്ടകാഴ്ച അവനെ വല്ലാതെ മനസ്സിളക്കി. അദ്ദേഹത്തിന്റെ വചനമനുസരിച്ചു് ആ തുങ്ങപ്പെട്ട രൂപംതന്നെ അവനെ രക്ഷിച്ചു. വാസ്തവത്തിൽ അദ്ദേഹം അവനുവേണ്ടിപ്രാർത്ഥിക്കുകയായിരുന്നു.

ചിന്താവിഷയം.

(ഫാദർ ജോഷ്വാ വയലിൽ വിശാഖപട്ടണം.)

കനകമ്മ

11

ഞങ്ങളുടെ മെത്രാസന ദേവാലയത്തിൽ നിന്നുംഇറങ്ങി, കഴിഞ്ഞലേഖനത്തിൽ സൂചിപ്പിച്ച 'മോട്ടോർഷെഡി' നപ്പുറം കിഴക്കോട്ടുള്ള തേരുവിലൂടെ രണ്ടു വീട്ടുകടന്ന് വടക്കോട്ടുള്ളവഴിയെ എട്ടുപത്തുകോൽ ദൂരംനടക്കുമ്പോൾ, റോഡിന്റെ ഏകദേശം മദ്ധ്യത്തിലായി വൃത്താകൃതിയിലുള്ള വൃത്തികെട്ട ഒരുവലിയ കല്ലുകാണാം. ആ കല്ലിന്മേൽ ഒരു സ്ത്രീയുടെ തലയും വക്ഷഃപ്രദേശങ്ങളും മാത്രം വികൃതരൂപത്തിൽ കൊത്തിട്ടുള്ള ഏകദേശം ഒരടി ഉയരം വരുന്ന ഒരു ശിലാവിഗ്രഹം ഉണ്ട്. ഇതാണ് ലേഖന വിഷയമായ കനകമ്മ.

കനകമ്മയുടെ തേങ്ങാവെള്ളത്തോട്ട വലിയ പഥ്യമാണത്രെ. ഈ പ്രദേശങ്ങളിൽ തേങ്ങാ വളരെകുറവാണെങ്കിലും കനകമ്മയുടെ ആത്മീകുഹിച്ചിട്ടുള്ള ഭക്തന്മാർ എത്രകണ്ടു കണ്ണിക്കേണ്ടിവന്നാലും ശരി, ഭവതിയുടെ കൊതിയടങ്ങാൻ മാത്രമെങ്കിലും ദിവസേന നൽകാതിരിക്കയില്ല. പൊതിച്ച നാളികേരംകനകമ്മയുടെ തലയിൽത്തന്നെ ഇടിച്ചുടച്ച് ഭക്തിപൂർവ്വം ഉച്ചിയിൽ ഒഴിച്ചു ധ്യാനനിരതരായി നിൽക്കുന്നത് ഈ എഴുത്തുകാരൻ തന്നെ പലപ്പോഴും കണ്ടിട്ടുള്ളതാണ്. ചിലർ ശിരസ്സിൽ പാലുംഒഴിക്കാറുണ്ടത്രെ. ഭവതിയുടെ തലയിൽ എണ്ണവച്ചാണ് മറ്റു ചിലർ കൃതാർത്ഥതയടയുന്നത്. പകിട്ടു വരുത്തുന്നതിനു മുഖത്തുചായം തേക്കുകയും കണ്ണിൽ പൊടിയിടുകയും ചെയ്യുന്ന ഭക്തന്മാരും ഇല്ലാതില്ല.

എന്നാൽ ദുസ്സഹദുർഗ്ഗന്ധം വീശുകമൂലം സാധാരണ മൃഷ്ടാന്നഭോജനത്തിക്കൊണ്ടാണ് യാത്രക്കാർ ഈ വഴിയെ പോകാറുള്ളത്. ഈ ദുസ്സഹഗന്ധം ഇവിടെ വാഴുന്നേടത്തോളം പ്രത്യേക നേർച്ചകാഴ്ചകൾക്കും ആരാധനയ്ക്കും വിഷയമായ കനകമ്മയുടെ തിരുമേനിയിൽ നിന്നുംവീഴുന്ന പരിമളമാണെന്നുപോൽ. നേർച്ചകാഴ്ചകൾ നൽകി ആരാധകർ ഭക്തിപൂർവ്വംഭജിക്കുകയിൽ, സംഖ്യാതീതങ്ങളായ ഈച്ചകൾ പാലും തേങ്ങാവെള്ളവും എണ്ണയും എല്ലാംകൂടി സമ്മേളിച്ച് തിരുമേനിമേൽ പറ്റിയിരിക്കുന്ന അഴുക്കു സഭക്തിപൂർവ്വംഭുജിക്കുന്നുണ്ട്.

.....എയ്! ഇത്തരം നികൃഷ്ടപാത്രങ്ങളെ അധികം വർണ്ണിക്കാതിരിക്കയല്ലേ ഭേദം! അക്കം വെറുപ്പുവരുത്തുന്ന ഈവിധ നീചകഥാവസ്തുക്കളെ അവതരിപ്പിച്ച 'മദ്ധ്യസ്ഥൻ' വായനക്കാരുടെ അപ്രീതി സമ്പാദിക്കുന്നതെന്തിന്? എന്നവല്ലവരും ചോദിച്ചേക്കാം. എന്നാൽ ഇതിലും നികൃഷ്ടതരങ്ങളും നീചങ്ങളുമായ ആരാധനാപദ്ധതികളും ധാരാളം നടപ്പിലുണ്ടെന്നുള്ളതു് ഇവിടെ പ്രസ്താവ്യമത്രെ. പക്ഷെ, "ദുർവൃത്തിയും യാതൊരു അശുദ്ധിയും×××വിശുദ്ധന്മാക്ക് ചേർന്നവിധം നിങ്ങളുടെ ഇടയിൽ പേരുപോലുംപറയപ്പെടരുതു് (Eph. V. 3) എന്ന വിശുദ്ധശ്ലീഹായുടെഉപദേശം അനുസരിച്ച് അവയെ സംബന്ധിച്ച് മൌനം ദീക്ഷിക്കാമെന്നുവച്ചതാണ്. ഇനി, ഇത്തരംനീചപാത്രങ്ങളെ അവതരിപ്പിക്കുന്നതെന്തിന്,,എന്ന ചോദിക്കുന്നയാളോട് മറുപടി പറയുന്നതിനു മുമ്പായി ഒന്നു ചോദിച്ചുകൊള്ളട്ടെ. «പ്രിയസഹോദരാ, നമ്മുടെ മനസ്സാക്ഷിക്ക് നിന്ദ്യമായി തോന്നുന്ന ഈ ആരാധനാപദ്ധതി കനകമ്മയുടെ ആരാധകർ ഭക്തിയോടും സക്തിയോടുംകൂടെ ഹൃദ്യമായി കരുതിപ്പോരുന്നതിനുള്ള കാരണം എന്തായിരിക്കാം?"

ദൈവ വെളിപാടിന്റെ സഹായംകൂടാതെ മനുഷ്യനേസേച്ഛാനുസരണം വിടുന്നപക്ഷം ഏറ്റവും വിശുദ്ധമായിരിക്കേണ്ട ഈശ്വരാരാധനാ വിഷയത്തിൽപോലും എത്രകണ്ട അവൻ അധഃപതിച്ചുപോകാമെന്നുള്ളതിന് കനകമ്മ ഒരു ഉത്തമ ദൃഷ്ടാന്തമത്രെ. ഇതിൽനിന്നും വെളിപാടു എത്രവലിയ ഒരു ദാനമാണെന്നും അതിനു ദൈവത്തോട് എത്രമാത്രം സ്നേഹവും കൃതജ്ഞതയും നാം പ്രദർശിപ്പിക്കേണ്ടതാണെന്നും സിദ്ധമാകുന്നു.

Non fecit taliter omni nationi et Judicia sua non manifestavit eis (Psalm. 147) ഇപ്രകാരം എല്ലാ ജാതിയോടും ദൈവം പ്രവർത്തിക്കുകയും അങ്ങേ വിധികളെ അവക്കു വെളിപ്പെടുത്തുകയും ചെയ്തിട്ടില്ല" എന്ന മസ്മോറാക്കാരന്റെ വാക്യം കേരളീയ കത്തോലിക്കരായ നമ്മിൽ അനുചിതകമായിരിക്കുന്ന ക്രിസ്തുമതത്തിന്റെ ആദിമദശയിൽതന്നെ യേശുനാഥൻ പറഞ്ഞുട്ട ശ്ലീഹന്മാരിൽ ഒരാളായ വി.തോമ്മായെ അയച്ചു (ഭാരതത്തിൽ)നമ്മുടെമദ്ധ്യേ സുവിശേഷ പ്രകാശംകൊളുത്തി. ഇതിൽ നമുക്കു അഭിമാനത്തിനു അവകാശമില്ലാതില്ല. എന്തുകൊണ്ടെന്നാൽ (Taliter non fecit omni nationi) 'ഇപ്രകാരം എല്ലാജാതിയോടും (ദൈവം) പ്രവർത്തിച്ചിട്ടില്ല' ഒരു അപ്പസ്തോലനിൽ നിന്നുതന്നെ നേരിട്ട് വിശ്വാസം സ്വീകരിച്ചവർ എന്നുപറഞ്ഞു് അഭിമാനിക്കുന്നതിനു നമ്മേപ്പോലെ സാധിക്കുന്നരാജ്യക്കാർ എത്രപുരുക്കും!

എന്നാൽ വേറൊരു വശംകൂടെ നാം കാണേണ്ടതായുണ്ട്. നാം വിശ്വാസം സ്വീകരിച്ചതിൽ പിന്നീട് അനേക നൂറ്റാണ്ടുകൾക്കു ശേഷംമാത്രം സുവിശേഷ ദീപംലഭിച്ച പലരാജ്യങ്ങൾ ഇപ്പോൾ കത്തോ

ലിക്കരാജ്യങ്ങളായി പത്രോസിന്റെ വഞ്ചിയിൽ സുരക്ഷിതമായിരിക്കേ ഭാരതംമാത്രം 'കനകമ്മയുടെ തലമണ്ടയിൽതേങ്ങായുടച്ചംഭഗകാളിക്കുബലിയപ്പിച്ചും വെളിക്കുപറയാൻപോലുംപോടില്ലാത്ത വങ്കാവഹങ്ങളായ പല ആരാധനാരീതികൾ സ്വീകരിച്ചും ഇരുപത്തു ടിഷ്വറികൾക്കുശേഷം ഇന്നും അജ്ഞാനതിമിരത്തിൽ കിടന്ന നട്ടംതിരിയുന്നു നമുക്ക് ഒട്ടുംഅഭിമാനകരമല്ല. ലോകത്തിൽ അഗ്നിയെരിയിക്കുന്നതിനായി മനുഷ്യാവതാരം ചെയ്തരക്ഷകന്റെ ദിവ്യസ്നേഹാഗ്നിയാൽ ആത്തെരിയുന്ന തിരുഹൃദയത്തിൽ നിന്നുതന്നെ നേരിട്ടുകൊള്ളുത്തി, നമ്മുടെ പിതാവായ മാർതോമ്മാശ്ലീഹാ കേരളത്തിൽ കൊണ്ടുവന്ന് സ്ഥാപിച്ച വെളിച്ചത്തെ, രണ്ടായിരം സംവത്സരങ്ങളോളം നാം എരിയിക്കുവർയുടെ കീഴ്മറച്ചു വയ്ക്കുകയാണു ചെയ്തത്. അന്യരാജ്യക്കാർ ചെയ്തുപോലെ നമുക്ക് ലഭിച്ചനുഗ്രഹവിശേഷങ്ങൾ വിളക്കുതണ്ടിന്മേൽ, നാംഎയത്തി വച്ചിരുന്നുവെങ്കിൽ ഭാരതം തീർച്ചയായും ഇരുകണ്ട് അന്ധകാരഭരിതമായിരിക്കുകയില്ലായിരുന്നു. അതിനാൽ ഭാരതം ഇന്നുംകത്തോലിക്കയല്ലെങ്കിൽ കേരളീയ കത്തോലിക്കരായ നമുക്ക് അതിൽ ഉത്തരവാദിത്വമില്ലന്നോ? നിശ്ചയമായും ഉണ്ട്. ഇക്കാരണത്താൽ, കനകമ്മ-ഭഗകാളി- ജഗന്നാഥ പ്രഭൃതികളെ കാണുകയൊ, ഇമ്മാതിരി നീചപാത്രങ്ങളെ വണ്ടിച്ചു കേൾക്കയോ ചെയ്യുമ്പോൾ, മാർത്തോമ്മാസന്താനങ്ങളെന്ന അഭിമാനിക്കുന്ന നാം മറാരേയും കുറപ്പെടുത്തുകയോ ഹസിക്കുകയോ ചെയ്യാതെ സ്വന്തം നെഞ്ചിൽ 'പിഴയിടിക്കേ'യല്ലയോ വേണ്ടത്?

വേദപ്രചാരണ വേലയിൽ നമ്മുടെ പൂവ്വീകന്മാർ വേണ്ടത്ര പ്രവർത്തിച്ചിട്ടില്ലെങ്കിൽ കൈക്കുവകേന്ദ്രത്തിൽനിന്നുള്ളദൂരം, ഗതാഗതങ്ങൾക്കുള്ള സൌകര്യക്കുറവ്, അറിവില്ലായ്മ മുതലായ പല പ്രതികൂല സാഹചര്യങ്ങൾ അവരെ കുറത്തിൽനിന്നും ഒഴിച്ചുനിന്നുവരാം. എന്നാൽ ഇന്നു നമുക്ക് ഈ കാരണങ്ങളൊന്നും പറഞ്ഞു ഒഴിവാൻ നിവൃത്തിയില്ല. ഗതാഗതത്തിനും കത്തിട പാടുകൾക്കും ഉണ്ടായിട്ടുള്ള സൌകര്യങ്ങൾമൂലം കത്തോലിക്കാ കേന്ദ്രത്തിൽ നിന്നുള്ളദൂരം വളരെ കുറഞ്ഞിരിക്കുന്നു. പഠിപ്പും ത്രാണിയുമുള്ളവർ നമ്മുടെ ഇടയിൽ ധാരാളമുണ്ട്. ധനസ്ഥിതിയും സാമുദായികനിലയും നമുക്കില്ലാതില്ല. വൈദികസ്ഥിതിയിലുള്ള ദൈവവിളികൊണ്ടു നോക്കിയാലും (Taliter non fecit omni nationi) എപ്പോജാതിയോടും ഇപ്രകാരം "പ്രവർത്തിച്ചിട്ടില്ല" എന്നവേദവാക്യം നമ്മിൽ അർത്ഥവത്തായിരിക്കുന്നു. അതിനാൽ ഇനിയും നാം ഈവെളിച്ചത്തെ പറയുടെകീഴതന്നെ മറച്ചുവച്ചുകൊണ്ടിരുന്നാൽ അതു ക്ഷന്തവ്യമല്ലാത്ത കുറവായിരിക്കും. തന്മൂലം 'വേദപ്രചാരണാർത്ഥം എനിക്ക് എന്തുചെയ്യാൻസാധിക്കു'മെന്ന് 'മദ്ധ്യസ്ഥൻ' വായനക്കാരായ നാമോരോരുത്തരും ഗൌരവമായി ആലോചിച്ചു ഉടനടി പ്രവർത്തിച്ചു തുടങ്ങണം. സ്വീകാര്യസമയം ഇതാകുന്നു. അമാന്തിച്ചാൽ തനിക്കുലഭിച്ച നാണയം മണ്ണിൽ കുഴിച്ചുവെച്ച സുവിശേഷത്തി

ലെ മടിയനായ വേലക്കാരനു ലഭിച്ചശകാരം നമുക്കും അനുഭവപ്പെട്ടും.

എ. പെ. പെ. ബ. മെത്രാനച്ചൻ തിരുമനസ്സിലെ "നിന്റെരാജ്യം വരണം,, എന്നമുദ്രാവാക്യം "മദ്ധ്യസ്ഥൻ" വായനക്കാരായ നമുക്കെല്ലാവക്കും സ്വന്തമായി സ്വീകരിക്കാം.

സ്നേഹിതന്മാർ.

K. C. C.

നല്ല സ്നേഹിതനെ കണ്ടെത്തുന്നവൻ ഭാഗ്യവാൻ (സുഭാ:) ശരിയായി ഭക്ഷിക്കുന്നതിനു രുചി ആവശ്യമാണ്. അതിനായിട്ട് നാം കൂട്ടുകൾ ചേക്കുന്നു. ഇപ്രകാരം തന്നെ നല്ലജീവിതത്തിനും കൂട്ടുകാർ നല്ലതെന്നുമാത്രമല്ല ആവശ്യവുമാണ്. "സഹോദരന്മാർ ഒന്നിച്ചു വസിക്കുന്നതു് എത്ര ആനന്ദകരമാകുന്നു" (സങ്കീ:) എന്തു കൊണ്ടെന്നാൽ സന്മാർഗ്ഗാഭിവൃദ്ധിക്ക് തക്ക മാതൃകകളും പ്രോത്സാഹനങ്ങളും നല്ല സ്നേഹിതരുടെ ഇടയിൽ ഉണ്ടാകുന്നു. എന്നാൽ സ്നേഹിതന്മാർ മൂലം നന്മക്കെന്നതിനെക്കാൾ തിന്മയ്ക്കാണ് അധികം പ്രചാരമുള്ളതു്. പിശാചുക്കൂടി ഈ വിഷയത്തിൽ വേണ്ട ഒത്താശകൾ ചെയ്യുന്നതാണ് ഇതിന്റെ കാരണം. ദീർഘ നാളത്തെ നിരന്തര പരിശ്രമത്തിന്റെ ഫലമായിട്ട ഒരുത്തൻ പണ്ടു തീർത്ത ആത്മീയമന്ദിരം അവിവേകിയായ ഒരു ചെങ്ങാതിയുടെ ഒരേക ദുർമ്മാതൃകകൊണ്ട് അശേഷം ഇടിച്ചു തകർക്കപ്പെടുന്നു. സപ്തപ്രകാശിച്ചമാവ് പിണ്ഡത്തെ മുഴുവൻ പുളിപ്പിക്കുന്നു. വിഗ്രഹാരാധനക്കാരോട്ട കൂടി ഇടഞ്ഞതുകൊണ്ട് ഇസ്രായേൽ വിഗ്രഹാരാധനയിൽ അകപ്പെട്ടു.

ആകയാൽ സ്നേഹിതരെ തെരഞ്ഞെടുക്കുന്ന വിഷയത്തിൽ വളരെ സൂക്ഷ്മം ആവശ്യമാണ്. "വിശ്വസ്തനായ സ്നേഹിതൻ ആയുസ്സിന്റെ ഔഷധമാകുന്നു" (സുഭാ.) "നിന്റെ സ്നേഹിതൻ ആയിരത്തിൽ ഒന്നായിരിക്കണം, ഇവൻ ബലിഷ്ഠമായകോട്ടയായിരിക്കും") (എക്ലെ.)ചെറുപ്പക്കാരേക്കാൾ പ്രായംചെന്നവരെതിരിഞ്ഞെടുക്ക. പ്രായവും പരിചയവുമുള്ളവരോട്ട ഉപദേശം ചോദിക്ക. ദൈവ പേടിയുള്ളവരോട്ട സഹവാസം ചെയ്യു, ഭവിശ്രുദ്ധനോട്ട കൂടി വീർവിശ്രുദ്ധനാകും. തണ്ണുവനോട്ട ചേർന്നാൽ നീയും തണ്ണുവനാകും. "(സങ്കീ.) വിശ്രുദ്ധന്മാരുടെജീവചരിത്രം വായിക്ക. അവരെ അനുഗമിക്ക. ഇങ്ങനെയെല്ലാമാണ് പുണ്യശ്ലോകന്മാരുടെ ഉപദേശം.

ചിലർ മോശമായ ജീവിതത്തേപ്പറ്റി പുണ്യവഴിക്കു നടക്കേണമെന്നുള്ള വലിയ താല്പര്യത്തോടും പ്രതിജ്ഞയോടും കൂടി കുമ്പസാരം കഴിക്കുകയും ധാരാളമായ കണ്ണുനീരോട്ടക്കൂടി മനസ്താപപ്പെട്ടുകയും ചെ

യ്യുന്നു. എന്നാൽ ചില ദിവസങ്ങൾ കഴിയുമ്പോൾ ഇവർതന്നെ കളിപ്പിച്ചുവിട്ട പോക്കിനെപ്പോലെ പഴയ പാപച്ചേറിൽ ഉരുണ്ടു മറിയുന്നതായികാണാറുണ്ട്. കാരണംമറെറാന്നുമല്ല. ദോഷത്തിൻെറ ഹേതുക്കളായ ആ സ്നേഹിതരേയും സ്ഥലങ്ങളേയും മറവും ഇവർ ഉപേക്ഷിച്ചിരുന്നില്ല. തൻമൂലം ആപത്തിനെസ്നേഹിക്കുന്നവൻ ആപത്തിൽ വീഴും എന്നുള്ള പരിശുദ്ധാത്മാവിയുടെ വചനങ്ങൾപോലെ ഇവർ വീണ്ടും അധഃപതിച്ചു. കുമ്പസാരവും തേറവും കൊണ്ട് പിശാചു് ഒട്ടും ഭയപ്പെടുന്നില്ല. പിന്നെയോ പാപഹേതുക്കളായ കെട്ടുകളെ പൊട്ടിക്കാതെമാത്രം അവൻ കരുതുന്നു. തണ്യു കൂട്ടുകാരോടു ചേൻ പെരുമാറിയാലും ദോഷം ഭവിക്കാതെ സൂക്ഷിച്ചുകൊള്ളാമെന്നു പറയുന്നവർ, വെടിമരുന്നിൽ തീ വച്ചുകൊണ്ടു കത്തുപെടാതെ കരുതിക്കൊള്ളാമെന്നു പറയുന്നവരെപ്പോലെയാകുന്നു. ഇതു് ഹേതുവായിട്ടാണ് ദിവ്യരക്ഷകൻ ചില കൃഷ്ണരോഗികളെ സുഖപ്പെടുത്തുകയിൽ ആദ്യമായിട്ട് ഇവരെ മറു ദീനക്കാരിൽനിന്നും വേർ തിരിച്ചതു്. "നിൻെറ വലതുകൈ നിന്നെ ഉതപ്പിക്കുന്നു എങ്കിൽ അതിനെ ഛേദിച്ചു കളയുക, കണ്ണു് നിന്നെ ഉതപ്പിച്ചാൽ അതിനെ പിഴുതു കളക" എന്നു ദിവ്യരക്ഷകൻ തന്നെ ആജ്ഞാപിച്ചിരിക്കുന്നതു്, നമുക്ക് എത്രയും സ്നേഹവും ഉപകാരവുമുള്ള ആൾതന്നെ ആയിരുന്നാലും ദോഷത്തിനു കാരണമാകുന്നു എങ്കിൽ അയാളുമായുള്ള സംസർഗ്ഗം തീരെ ഉപേക്ഷിക്കണം എന്നു കാണിപ്പാനായിട്ടു മത്രമാകുന്നു.

മേല്പറഞ്ഞതിൽ നിന്നും പാപാവകാശങ്ങളെ മാറാത്ത മനസ്സാപക്കാരൻെറ തേറവും, പ്രതിജ്ഞ, കുമ്പസാരം ഇവയൊന്നും അവനു് ഉപകരിക്കുന്നില്ല എന്നാണല്ലോ അനുമാനിക്കേണ്ടതു്. ആകയാൽ മുമ്പു് തിന്മയ്ക്കു് ഇടയായിരുന്ന സ്ഥലങ്ങൾ, സമയങ്ങൾ, സാധനങ്ങൾ ഇവയെ ഉപേക്ഷിക്കണം. ഏഷണിക്കാർ, മനസ്സാക്ഷിയില്ലാത്തവർ, ചതിയന്മാർ, ദുരാത്മാവുള്ള അസത്യവാക്കു പറയുന്നവർ, കൂട്ടുംബത്തിൽ പ്രാർത്ഥന നമസ്ക്കാരങ്ങൾ ക്രമമായി ചെയ്യാത്തവർമുതലായവരുമായുള്ള കൂട്ടുകെട്ടുകൾ നിറുത്തി വയ്ക്കണം. വിഷസർപ്പങ്ങളോടു് അടുക്കുന്നതിലും ഉപദ്രവകരമാണ് ഇവരോടടുക്കുന്നതു്. ഇവർ ഉപകാരികളല്ല; ഉപദ്രവികളും പിശാചിൻെറ കരുക്കളുമത്രെ. ദുഷ്ടാത്മാവിക്ക് നേരിട്ടു നമ്മോടു് സാധിക്കാത്തതു് ഈ തണ്യു സ്നേഹിതന്മാർമൂലം അവൻനിവർത്തിക്കുന്നു. സ്നേഹിതരായിരുന്ന ഹാവാ വഴിയായിട്ടല്ലയൊ ആദത്തെ തട്ടിച്ചതു? സൂക്ഷിച്ചുകൊള്ളാമെന്നുള്ള കരുതൽ പലരേയും വഞ്ചിക്കുന്നുണ്ടു്. സ്നേഹോനേക്കാൾ വിവേകവും ശംശോനേക്കാൾ ധൈര്യവും ആർക്കാണുള്ളതു? അവക്ക് എന്തു സംഭവിച്ചു? "ഉതപ്പു വഴിയായി ലോകത്തിനു ഒരിതം. (വി. മത്താ.) ചില ബന്ധങ്ങളെ കണ്ടിപ്പാൻ വളരെ വിഷമം ഉണ്ടാകും. എന്നാൽ "സത്യത്തിലേക്കുള്ള വഴി ഇടുങ്ങിയതു്. അതിൽക്കൂടെ നടക്കുന്നവർ ശൂരന്മാർ. ബലം ചെയ്യു

ന്നവർ സ്വർഗ്ഗത്തെ കരസ്ഥമാക്കും" എന്നും മറ്റുമുള്ള സുവിശേഷ വാക്യങ്ങൾ നന്മനസ്സുള്ളവർക്ക് മനസ്സാക്ഷിക്കൊട്ടക്കാതിരിക്കയില്ല .സ്നേഹിതൻ കാരണമായിട്ട് ഞാൻ നരകത്തിൽ അകപ്പെട്ടാൽ അവൻ ക്രൂടപ്പോരികയില്ല. അവിടെ നിന്നും അവൻ എന്നെരക്ഷിക്കയുമില്ല'

ക. തണ്യവനോടുത്താൽ നല്ലവൻ ാണ്യവനാകും. ദൃഷ്ടാന്തം. വളരെ ഭക്തിക്കാരിയായ ഒരു സ്ത്രീ വേദത്തെരുക്കത്തിൽ മരിക്കുന്നവരെ അടക്കി വന്നിരുന്നു. ഒരിക്കൽ ശത്രുക്കൾ ഉപേക്ഷിച്ചിട്ടുപോയ ഒരാൾ മരിക്കാതെകിടക്കുന്നതുകണ്ടു. ഇവനെ വീട്ടിൽ കൊണ്ടുവന്നു ചികിത്സിച്ചു സുഖമാക്കി. കുറേനാൾ കഴിഞ്ഞശേഷം ഇവൻ അത്ര ഉത്തമനല്ല എന്നു ഈ ഭക്തയ്ക്കു മനസ്സിലായി. എങ്കിലും തമ്മിൽ വർദ്ധിച്ചിരുന്ന സ്നേഹം നിമിത്തം ഇവനെ അവൾഉടനെ വീട്ടിൽ നിന്നും പിരിച്ചയച്ചില്ല. കടശി ഈ ഭക്ത പാപത്തിൽ വീണ് അവനോടു കൂടി തഴക്കദോഷത്തിൽ ജീവിച്ചു മോശമായി മരിച്ചു.

ഖ. എന്നാൽ നല്ലവനോടു ചേർന്നാൽതണ്യവൻ നല്ലവനാകും.

ദൃഷ്ടാന്തം:—

വലിയ പാപിയായിരുന്ന മ. മഗ്ദലേനാ ദിവ്യരക്ഷകനെ പിഞ്ചെന്നതിനാൽ വലിയ പുണ്യവതിയായിത്തീർന്നു.

റോസമ്മയുടെഭാഗ്യം

(റവ: സക്കറിയാസ് പൂവത്തുങ്കൽ)

നിമ്മലാകാശം ഇരുകരകളും കവിഞ്ഞൊഴുകുന്ന ഒരു മഴക്കാലം. നേരം ഒരഞ്ചു നാഴിക പുലർന്നിരിക്കണം. അന്ന് കാറും മഴയും ഒട്ടുമാറിയമട്ടാണ്. ഇടക്കിടെ 'സൂര്യഭഗവാൻ, മേഘാവരണത്തിനിടയിൽ കൂടിഒളിഞ്ഞുനോക്കുകയും തൻെറ അഭാവത്തിൽ സൃഷ്ടിജാലത്തിനുനേരിട്ട നിരുന്മേഷംകണ്ട് ഗൂനമുഖനായിമാറുകയും ചെയ്തിരുന്നു. ക്ഷീണപ്രഭനായ അന്നത്തെ ആദിത്യൻെറ പ്രതിബിംബമെന്നോണം ഒരു തരുണിമണി പ്രസൃതനദീതീരത്തിൽ ചിന്താവിഷ്ടയായിരിക്കുന്നുണ്ട്. ഏകദേശം രണ്ടരവയസ്സ് പ്രായംവരുന്ന ഒരുകുട്ടി അവളുടെ ചുറ്റും ഓടികളിച്ചിരുന്നു. കാൽപ്പാടും, ക്ലാന്തിയും, അവളുടെ മുഖകമലത്തിൽ ഇടയ്ക്കിടെ കളിയാടുന്നുമുണ്ട്. കാർക്കുന്തൽ കെട്ടഴിഞ്ഞ് ഉലഞ്ഞുകിടന്നിരുന്നു. അവളിടയ്ക്കിടെദീർഘമായി നിശ്വസിക്കുകയും കണ്ണീർതുടയ്ക്കുകയും ചെയ്തിരുന്നു."തള്ളിത്തിങ്ങിപ്പെരുകിവരുമഴലിനാലു" ള്ളംക

വിഞ്ഞുവരുന്ന അവളുടെ അസ്ഫുടപ്രലാപങ്ങൾ നമുക്ക് ശ്രവിക്കാം. താരുണ്യ ലാവണ്യങ്ങളുടെ സമ്മേളനം കൊണ്ട് ദർശനീയ യായ ഈയുവതിയെ ക്ലേശിപ്പിക്കുന്ന കാരണമെന്തെന്ന് നമുക്കാരായുകതന്നെ.

"ദൈവമെ! ഇത്രചെറുപ്പത്തിൽ ഈ കഷ്ടപ്പാടുകൾ ഞാനനുഭവി ക്കേണ്ടിവന്നല്ലൊ. ഐശ്വര്യംകൊണ്ടും, കീർത്തികൊണ്ടും ഒരുപോലെ അനുഗൃഹീതമായഒരുതറവാട്ടിൽജനിക്കുന്നതിന് ഈയുള്ളവൾക്ക് ഭാഗ്യ മുണ്ടായി.എന്നാൽ മാതൃവാത്സല്യം ഞാൻ അറിയുന്നതിനിടയാകും മുൻ പേ ഗുണനിധിയായ പ്രിയ മാതാവ് ഇഹലോകം വെടിഞ്ഞു. വാത്സ ല്യനിധിയായ പിതാവും അവരെ അനുഗമിച്ചു. സോദരന്റെ സ്നേഹ മസൃണമായ പരിലാളനത്തിൽ വളർന്ന് വിദ്യയും സുകൃതവും ഒരുപോ ലെ സമ്പാദിക്കുന്നതിനുള്ള യോഗമെങ്കിലും ഈ മന്ദഭാഗ്യയ്ക്കുണ്ടായി. ദൈവമെ! അങ്ങേയ്ക്കുസൂതി. പൈതൃഷ്യപൗരുഷ്യക്കുറ്റത്താലും, സൽഗുണ സമ്പത്തിയാലും ഒരുപോലെ പ്രശസ്തനായ ഒരു അഭിഭാഷകവീരന്റെ പ്രണയിനിപദവും ഈയുള്ളവൾക്ക് കൈവന്നു.". ഒരുദീർഘമായ നി ശ്വാസവും, ബാഷ്പകണങ്ങളും, അവളുടെ പ്രലപനത്തെ നിരോധി ച്ചു. അവൾ കണ്ണീർതുടച്ചു പിന്നേയുംതുടർന്നു. എന്റെദൈവമെ! ഹ തഭാഗ്യയായ എനിക്ക് അദ്ദേഹത്തിന്റെ സഹവാസസൗഖ്യം ഏറെനാൾ അനുഭവിക്കുന്നതിന് ഇടയാകാതെപോയല്ലൊ. ഞങ്ങളുടെ പരി ശുദ്ധമായ പ്രേമത്തിന്റെ നിത്യസ്മാരകമായ ഏകസന്താനമെ, പരലോ കഗതനായ ആപുണ്യപുരുഷന്റെ വദനബിംബം എന്റെകണ്ണിലും, കരളിലും ഒരുപോലുദിപ്പിക്കുന്ന ഓമൽക്കുട്ടാ" എന്നുപറഞ്ഞുകൊണ്ട് അ വൾ അടുത്തിരുന്ന കുട്ടിയെ പിടിച്ചു മുറുക്കെ ആശ്ലേഷിച്ചു. കുട്ടി, അ മ്മയുടെ മുഖവും, ലാളനകളും സ്നേഹപൂർവ്വം സ്വീകരിച്ചു കൊണ്ടേ രത്തേയ്ക്കു അവളുടെ മടിയിൽ അടങ്ങിയിരുന്നു.

ആ യുവതി പ്രലപനങ്ങൾ വീണ്ടും ആരംഭിച്ചു. "എന്റെ ഈശോയെ! അങ്ങേ തിരുമനസ്സ് നിറവേറട്ടെ." "എന്നെ അനുഗമി ക്കുവാനാഗ്രഹിക്കുന്നവൻ തന്റെ കുരിശുമെടുത്ത് എന്റെ പിന്നാലെ വരട്ടെ" എന്നരുളിച്ചെയ്ത ദിവ്യ ഗുരോ! അങ്ങുന്ന് എന്റെ തുമലിൽ തുമത്തിയിരിക്കുന്ന ഈ പൊരുന്നുരിശിനെ ഞാൻ മനസ്സാവരിച്ചിരിക്കു ന്നു. എന്റെ പ്രാണനാഥന്റെ ആത്മാവിന് പരലോകത്തിൽ നിത്യ ശാന്തി കൊടുത്തരുളേണമെ!" ഇത്രയും ആയപ്പോൾ അവൾ ദീർഘമാ യി ഒന്നുകൂടി നെടുവീർപ്പിട്ടു. ഇതിനിടയ്ക്ക് കുട്ടി അമ്മയുടെ മടിയിൽ നിന്ന് വഴുതിയിറങ്ങി ആറുവയ്ക്കിൽ കൂടി ഓടി നടന്ന് പൂക്കൾ പറി ച്ച് കളിച്ചുതുടങ്ങി. അവളിക്കഥ അറിഞ്ഞുതേയില്ല. ആ വനിതാ ര തനത്തിന്റെ ദീനപ്രലാപങ്ങൾ വീണ്ടും കേൾക്കുമാറായി. "ക്രിസ്തീയകു ടുംബങ്ങളുടെ പാലകനായ വി. യൌസേപ്പെ! അങ്ങേ നാഥാരിയാ യ എന്റെ കുഞ്ഞിനെ സംരക്ഷിച്ചുകൊള്ളേണമെ." ഈ പ്രാർത്ഥന അവസാനിച്ചതും ആറ്റിൽനിന്ന് എന്തൊ തല്ലി വീഴുന്ന ഒരു ശബ്ദം കേട്ടതും ഒന്നായി കഴിഞ്ഞു. പരിഭ്രാന്ത ചിത്തയായ ആ യുവതി ചാ

ടി എണീറ്റു. തന്റെ ഓമൽസന്താനത്തെ അടുത്തെങ്ങും കാണ്മാനില്ല. അവൾ ആററിലേയ്ക്കുള്ള കല്പടകൾ ചാടി ഇറങ്ങി. അപ്പോൾ കണ്ട കാഴ്ച അതിഭയങ്കരം. തന്റെ ഓമനമകന്റെ പൂമേനി ഓളപ്പാത്തികളിൽ രണ്ടുമൂന്നാവത്തി തല്ലി മറിഞ്ഞു താഴുന്ന കാഴ്ചയാണ് ആ ഹതഭാഗ്യയായ മാതാവു കണ്ടത്. "ഈശോ! എന്ന് ആർത്ത നാദത്തിൽ ഉച്ചരിച്ചുകൊണ്ട് പ്രണയ നിധിയായ ആ മാതാവും ആ ററിലേക്ക് ചാടി. ഒഴുക്കുത്തിൽപ്പെട്ട് പലവുരു മുങ്ങിയും താണും, മീതെവരുമ്പോഴൊക്കെ "എന്റെ ഓമനെ! ഒന്നേപ്പച്ചാ! എന്നുള്ള ദീനാക്രോശങ്ങൾ പുറപ്പെടുവിച്ചും ആ വിമലയും നിർമ്മല നദിയിൽ അപ്രത്യക്ഷയായി. ഈശ്വരാ! എത്ര ദയനീയമായ കാഴ്ച!

മേല്പറഞ്ഞ അനിഷ്ട സംഭവം നടന്നിട്ട് അരമണിക്കൂർ കഴിഞ്ഞു. ശ്രീപുരം ആസ്പത്രിയിൽ രോഗികൾ വരികയും പോകയും ചെയ്തുകൊണ്ടിരിക്കുന്നു. ആ തിരക്കിൽ ഒരു വൃദ്ധ പതിനെട്ടു വയസ്സു പ്രായം വരുന്ന ഒരു രോഗിണിയെത്താങ്ങിപ്പിടിച്ചും, ഇടയ്ക്കിടെ വേച്ചും വീഴുന്നതുമായ ആതുരശാലയിലെത്തി. പ്രധാന ഡാക്ടർ ദിനക്കാരിയെ പരിശോധിച്ചു. "ശക്തിയായ പനിതന്നെ. നടത്തിയത് അബദ്ധമായിപ്പോയി, അകത്തെടുത്തോളൂ. നിങ്ങൾ സാധുക്കളാണെന്ന് കണ്ടാൽതന്നെ അറിയാം. കുറേ ദിവസം ഇവിടെ താമസിച്ച് ചികിത്സിക്കേണ്ടിയിരിക്കുന്നു". എന്നു പറഞ്ഞിട്ട് "പ്യൂൺ! ഇവരെ സ്ത്രീകളുടെ വാർഡിൽ കൊണ്ടാക്കൂ" എന്നൊരാജ്ഞയും നൽകി.

വൃദ്ധയും രോഗിണിയെ ശുശ്രൂഷിച്ചുകൊണ്ട് ആസ്പത്രിയിൽ തന്നെ താമസമാക്കി. പനി കുറേശ്ശ കുറഞ്ഞുവന്നു. രോഗിണിയുടെ മുഖത്ത് രക്തവർണ്ണവും പ്രസന്നതയും വീണ്ടും നിഴലിച്ചു തുടങ്ങി. കാറ്റടിച്ച് മേഘപടലങ്ങൾ മാറുമ്പോൾ തെളിയുന്ന പൂനിലാവുപോലെ അവളുടെ ലാവണ്യാമൃത ചന്ദ്രികയും രോഗ തിരശ്ശീലക്കുള്ളിൽ മാറി മിന്നിത്തെളിഞ്ഞു. എന്നാൽ ഈയിടെയായി ഡോക്ടരുടെ മുഖത്ത് ഒരു ഭാവപ്പകർച്ചയും തെളിവില്ലായ്മയും കാണ്മാനുണ്ട്. കാരണമെന്തായിരിക്കാം? നമുക്കദ്ദേഹത്തെ സ്വഗൃഹത്തിൽ ഒന്നു സന്ദർശിക്കാം. മൂന്നു നാലു ദിവസമായി തന്റെ യജമാനൻ എന്തോ ഒക്കെ വിചാരിച്ചു, വിചാരിച്ച് നടക്കയാണെന്നും, കുട്ടിയും പലഹാരങ്ങളും ഒന്നും തീരെ പിടിക്കുന്നില്ലെന്നും, തന്നോട് പലപ്പോഴും കർക്കശമായി സംസാരിക്കാറുണ്ടെന്നും, ഊണും ഉറക്കവും വളരെ കുറവാണെന്നും മറ്റും വേലക്കാരൻ വന്ന് മോരുകാരൻ നായരോട് പറയുന്നതു വിറകുവെട്ടുകാരൻ അന്തോണി കേട്ട് ആ നാടെല്ലാം കൊണ്ടുനടന്ന് പരസ്യമാക്കി. എതായാലും ഡോക്ടർ നന്നായി ക്ഷീണിച്ചിട്ടുണ്ട്. എന്തോ മനഃപീഡയാണ് സംശയമില്ല. അതിനു മരുന്ന് ഡോക്ടരുടെ കയ്യിലും ഇല്ലായിരിക്കാം. അയിടെ ഒരു ദിവസം വൈകുന്നേരം അദ്ദേഹം തന്റെ പൂന്തോട്ടത്തിൽ ഇറങ്ങി ഒരു പഴയ കൽത്തറയിൽ കയറി ഇരുന്ന് ഇങ്ങനെ ആത്മഗതം തുടങ്ങി. (തുടരും)

ഗാഗുൽത്തായിലെ

തിരുശേഷിപ്പുകൾ.

(റവ. തോമ്മസ്സ് കളം. കാവാലം)

ലോകപരിത്രാതാവായ യേശു നാഥൻ ഭൂജാതനായതും തന്റെ മുപ്പത്തിമൂന്നു വത്സരത്തെ ഭൗമികജീവിതം നയിച്ചതും അവസാനമായി കുരിശിൽ മരിച്ചതും കഴിഞ്ഞിട്ട് അനേകശതവത്സരങ്ങൾ ആയെങ്കിലും ഇന്നും തന്നെസംബന്ധിച്ചുള്ള കാര്യങ്ങളെ അറിയുന്നതിന് മാലോകർക്ക് ജിജ്ഞാസയുള്ളതിനാൽ താൻ ഉപയോഗിച്ചിരുന്ന ഏതാനും സാധനങ്ങളുടെ യഥാർത്ഥസ്ഥിതിയേപ്പറ്റി അല്പം എഴുതുന്നതു വിജ്ഞാനപ്രദമായിരിക്കുമല്ലോ.

ഗാഗുൽത്താമലയിൽ നടന്ന ആ മഹാസംഭവത്തിന്റെ സ്മാരകത്തെ ഇന്നും നിലനിറുത്തിക്കൊണ്ടു പോകുന്നതിനായി അവിടെ ഉപയോഗിച്ച ഏതാനും സാമാനങ്ങളെ എങ്കിലും സൂക്ഷിച്ചിരുന്നില്ലെങ്കിൽ അതു് ഒരു വലിയ അത്ഭുതമായിരുന്നേനെ. ഒരു പ്രിയമാതാവു് അവളുടെ വാത്സല്യസന്താനത്തിന്റെ ഭംഗിയേറിയ വസ്ത്രത്തെയും മറ്റും കാഴ്ചയായി സൂക്ഷിക്കുന്നതുപോലെ സഭയുടെ കാരണഭൂതനായ രക്ഷകന്റെ ദേഹവിയോഗത്തിൽ ആ പരിശുദ്ധമായ തിരുശേഷിപ്പുകളെ ഇന്നും സഭ ബഹുഭദ്രമായി സൂക്ഷിക്കുന്നുണ്ടു്. സാധാരണ ജനങ്ങൾക്കു അറിവുള്ളതിനേക്കാൾ, ക്രൂശതൽ അവശിഷ്ടങ്ങൾ ഗാഗുൽത്തായിൽനിന്നു ലഭിച്ചിട്ടുള്ളതായി അറിയാം. എന്നാൽ അവയുടെവാസ്തവമായ സംബന്ധിച്ചുള്ള അറിവു് ഇതുപോലെയുള്ള ഒരു ചെറിയവിവരണം കൊണ്ടു ലഭിക്കാൻ പ്രയാസം. ഇവയെല്ലാം യഥാർത്ഥമല്ലെന്നു സങ്കല്പിച്ചാലും ശരി, സ്നേഹമുള്ള ഒരുകൂട്ടം പരേതരായ അതിന്റെ മാതാപിതാക്കളുടെ ഛായ കാണുന്നഅവസരത്തിൽ അതിനെ സബഹുമാനം ചുംബനം ചെയ്യുന്നതുപോലെ, ഈ അവശിഷ്ടങ്ങൾ മൂലമായി ക്രിസ്തുവിനെ ക്രൂശതലായി ലോകം വണങ്ങുന്നു. പ്രയാണമദ്ധ്യേ പ്രതിമകളേയോ സ്മാരകസൗധങ്ങളേയോ കാണുമ്പോൾ തൊപ്പി എടുക്കുന്നതും തല കുനിക്കുന്നതും മറ്റുമായുള്ള ബാഹ്യാചാരം പ്രദർശിപ്പിക്കുന്നതു് മണ്ണോ മരമോ കൊണ്ടു് വിരചിതമായ ആ സാധനത്തെബഹുമാനിപ്പാനല്ല, പ്രത്യുതഃ അതു ആരുടെ സ്മരണയെ സൂചിപ്പിക്കുന്നുവോ ആ പുരുഷകേസരിയെ ഉദ്ദേശിച്ചാണെന്നുള്ളതു് വലിയ യുക്തിയൊന്നും കൂടാതെ മനസ്സിലാക്കാവുന്നതാണ്.

ഗാഗുൽത്തായിലെ തിരുശേഷിപ്പുകളുടെഗണത്തിൽ പ്രഥമവുംപ്രധാനവുമായ സ്ഥാനത്തെ അർഹിക്കുന്നതു് യഥാർത്ഥകുരിശത്രെ. ഇതിന്റെ അവശിഷ്ടങ്ങളേപ്പറ്റി താഴെ വരുന്ന പ്രകാരം ഒരു ഫ്രഞ്ചു ഗ്രന്ഥകാരൻ പറയുന്നു. ഈ വി. കുരിശിൽ നിന്നു് ക്രിസ്തീയ ലോകം മുഴുവനിലും തന്നെ അനേകം ചെറുകക്ഷണങ്ങളെ വല അവസരങ്ങളിലായി വിഭാഗിച്ചു കൊടുത്തിട്ടുണ്ടെങ്കിലും യഥാർത്ഥ കുരിശിന്റെ മൂന്നിലൊരുഭാഗം പോലും ചെലവായിട്ടില്ലെന്നുശരിയായി കണക്കു കൊണ്ടു് "Rohault de Fleury" എന്നയാൾ തെളിയിച്ചിട്ടുണ്ടു്. പതിന്നാലും ഏഴരയും അടി നീളമുള്ള രണ്ടു പൈൻ മരക്കഷണങ്ങളെ കൊണ്ടത്രെ അതു് ഉണ്ടാക്കപ്പെട്ടിരുന്നതു്. നീളം കൂടിയ കക്ഷണത്തിന്റെ ഒരു മികച്ചഭാഗവും I. N. R. I. യൂദന്മാരുടെ രാജാവായ നസ്രായേക്കാരൻ ഈശോ എന്നലിഖിതം എഴുതിയപലകയും "ദിസ്മാസ്" എന്ന അനുതാപപ്പെട്ട കള്ളൻ തൂങ്ങി മരിച്ച കുരിശിന്റെ ഒരു വലിയഭാഗവും ജെറുസ്സലേമിലെ വി. കുരിശിന്റെ നാമത്തിൽ പണിയപ്പെട്ടിരിക്കുന്ന റോമൻ ബസിലിക്കായിൽ ബഹുമാന പുരസ്സരം സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

മുൽമുടി, ഓർശ്ലം പട്ടണത്തിന്റെ സമീപസ്ഥലങ്ങളിൽ അന്നു് സമൃദ്ധിയായി ഉണ്ടായിരുന്ന "ഈജിപ്പി" എന്ന മരത്തിന്റെ നാ—നും ൦— നും മദ്ധ്യേ എണ്ണമുള്ള മുള്ളുകൊണ്ടു് ഉണ്ടാക്കപ്പെട്ട ഒരു കിരീടമാണെന്നാണ് സാധാരണയുള്ളധാരണ. ക്രിസ്തീയ ലോകത്തിലെ പള്ളികളുടേയും ആശ്രമങ്ങളുടേയും ആവശ്യാർത്ഥം ഇതിനെഭാഗിച്ചുകൊടുക്കേണ്ടിവന്നതിനാൽ ഇപ്പോൾ ഇതിൽ മുള്ളുകൾ ഒന്നുംതന്നെഇല്ലെന്നു പറയാം. ഇപ്പോൾ കാണുന്നതു് മുള്ളുകൾ കെട്ടാൻഉപയോഗിച്ചിരുന്ന ഒരു വലയമത്രെ. നോട്ടർഡാമിലുള്ള ഭദ്രാസന പള്ളിയിൽ ദുഃഖ വെള്ളിയാഴ്ച എട്ടുമണിക്കു് വളരെ ആഘോഷമായി നടത്തപ്പെടുന്ന പ്രദക്ഷണത്തിൽ പ്രസ്ഥാവിതമുൽമുടിയും വി: കുരിശിന്റെ അവശിഷ്ടവും വളരെജയ ഘോഷമായി സ്ഥാനികന്മാരായ പന്ത്രണ്ടു വൈദികന്മാരാൽഎഴുന്നള്ളിക്കപ്പെടുന്നു. ട്രോട്ടെഡൊയിലുള്ളവി. സിറീനിന്റെ ദേവാലയത്തിൽ മുൽമുടിയുടെ ചില തിരുശേഷിപ്പുകൾ സൂക്ഷിക്കപ്പെടുന്നുണ്ടു്. പ്രസ്തുത ദേവാലയത്തിനു് ഈ അമൂല്യസാധനം വി. ലൂയിസ് രാജാവിന്റെ സഹോദരനായ അൽഫൊൻസ് ദാനം ചെയ്തതാകുന്നു.

ആണികൾ മൂന്നോ നാലോ എന്നുള്ള സംഖ്യയെ പറ്റി ചരിത്രകാരന്മാരുടെ ഇടയിൽ ഏറിയ കാലത്തേക്കു് അഭിപ്രായവ്യത്യാസം ഉണ്ടാകാതിരുന്നില്ല. ഇവയിൽ ഒന്നു് ക്ഷോഭിച്ചിരുന്ന അഡ്രിയാറ്റിക്കു് സമുദ്രത്തെ ശാന്തപ്പെടുത്തുന്നതിനായി (Helena.)ഹെലനാ എന്ന പുണ്യരാജ്ഞിയാൽ ആമഹാജലാശയത്തിലെക്കു് എറിയപ്പെട്ടുഎന്ന

ചരിത്രദൃഷ്ട്യാവിവക്ഷിക്കാവുന്നതാണ്. രണ്ടാമത്തേതു് ഇരിമ്പു് മുടി എന്ന സുപ്രസിദ്ധമായ പ്രാചീന ലൊംബാർഡി രാജാക്കന്മാരുടെ കിരീടത്തിൽ പതിക്കപ്പെട്ടിരിക്കുന്നു. യൂറോപ്പുഖണ്ഡത്തെ തന്റെ നാമത്താൽ കിടുകിടെ വിറപ്പിച്ച ഒന്നാമത്തെ നെപ്പോളിയൻഈ മുടിയെത്തന്നെയാണ് തന്റെ കിരീട ധാരണാവസരത്തിൽ ഉപയോഗിച്ചതു്. മൂന്നാമത്തേതു് പാരീസിലെ (Noterdam) നോട്ടർഡാംപള്ളിയിൽവച്ചു് പൂജ്യമായി വണങ്ങിവരുന്നു. മിലാനിനടുത്തു് മൊൺസായിൽ ഒരു ആണി വച്ചു സൂക്ഷിക്കുന്നുണ്ടു്. ഇതിന്റെ വാസ്തവികതയെ 14–ാം ബെനഡിക്തോസ് പാപ്പാ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നു് ഒരൈതിഹ്യമുണ്ടു്.

നീർ പഞ്ഞി. ഇതിനെ റോമിൽ സെൻറ് ജോൺ ലാറ്ററൺ എന്ന ബസലിക്കായിൽ സൂക്ഷിച്ചുവച്ചിരിക്കുന്നു.

വി. കുന്തം. ലൊഞ്ചിനൊസ് എന്ന ശതാധിപൻ നമ്മുടെ ദിവ്യരക്ഷകന്റെ ദിവ്യപാർശ്വം കുത്തിത്തുറന്ന ഈ സാധനം റോമായിലുള്ള വി. പത്രോസിന്റെ ബസീലിക്കായിലുള്ള അർദ്ധഗോളാകാരമായ താഴികക്കുടത്തിൽ(Dome)ത്തിൽഇന്നുകാണുന്നുണ്ടു്. ഇതിന്റെകുത്തുനപാരീസിലുള്ള വി. ലൂയീസിന്റെപള്ളിയിൽ സൂക്ഷിച്ചിരുന്നതു് ഫ്രഞ്ചുപരിവർത്തനാനന്തരം അപ്രത്യക്ഷമായെങ്കിലും അതിന്റെ സൂക്ഷ്മമായഒരുപ്രതി 14–ാംനൂറ്റിണ്ടിക്തോസ് പാപ്പാ സൂക്ഷിച്ചിരുന്നതിനാൽമൂപ്പുള്ളമനയുടെഒരു ഭാഗം കണ്ടുകിട്ടിയപ്പോൾ പ്രതിമയുടെ സഹായത്താൽ അതു വി. കുന്തത്തിന്റെ ഭാഗമെന്നുമനസ്സിലാക്കി വി. പത്രോസിന്റെദേവാലയത്തിൽ പുനഃസ്ഥാപിച്ചിരിക്കുന്നു. കയറു. പൂണൂവതിയായ ഹെലനാ എന്ന രാജ്ഞിയാൽ ടെർവസാ എന്ന പള്ളിക്കു് ദാനമായി കൊടുക്കപ്പെട്ടു. ഈ സാധനം വി. പരിവട്ടം എന്ന നാമത്താലത്രെ അറിയപ്പെട്ടുന്നതു്

തിരു വസ്ത്രം. ഗാഹൽത്താമലയ്ക്കു് സമീപെ ഉണ്ടായിരുന്നതും അരിമത്ഥ്യായിലെ ജോസഫിന്റെ വക എന്നുവിചാരിക്കപ്പെട്ടിരുന്നതുമായ കല്ലറയിൽ നമ്മുടെദിവ്യരക്ഷകന്റെ തിരുശരീരംഅടക്കംചെയ്തു. തന്റെ ശരീരത്തെ മൂടുന്നതിനായി ഉപയോഗിച്ച ആ തുണിയിൽ ($14\frac{1}{2} \times 4\frac{1}{2}$ അടി) ദിവ്യരക്ഷകന്റെ തിരുശരീരത്തിന്റെ ഇരുഭാഗവും ശരിയായി പതിഞ്ഞിരുന്നു. ആ അമൂല്യവസ്ത്രം ഇത്താലിയായിലെ റ്റൂറിൻ Turin പട്ടണത്തിലെ ദേവാലയത്തിൽ ഇന്നും നമുക്കു് കാണാൻ കഴിയും.

തിരു ഉടുപ്പു് എന്ന പേരിനാൽ അറിയപ്പെടുന്നതു് തന്റെ ബാല്യ പ്രായത്തിൽ മാതാവായ വി. കന്യാ മറിയം തുന്നൽ പണിയിൽ തനിക്കുള്ള നിപുണതയെ പ്രദർശിപ്പിക്കാനോ എന്നു തോന്നുമാറു യാതൊരു വെട്ടും തയ്യലുമില്ലാതെ ഒന്നാകെ നെയ്തെടുത്ത ആ മുഴുകുപ്പായ

മത്തെ. ഇതിനെ മുഴുവനായി ലഭിക്കുന്നതിനാണ് കുരിശിൻചുവട്ടിൽ വച്ച് പടയാളികൾ ചിട്ടിയിട്ടതു്. ഏഴു ശതകത്തോളം ഇതിനെ ട്യൂറിൻ പട്ടണത്തിൽ സൂക്ഷിച്ചിരുന്നതു് അഭിമാനമായി അവർ കരുതിപോന്നു. 1890, 1891. എന്നീ വർഷങ്ങളിൽ ഇതേപ്പറ്റി പല ശാസ്ത്രീയ പരീക്ഷകളും നടത്തിയതിന്റെ ഫലമായി അതിന്റെ ഇരുവശങ്ങളും രോമം കൊണ്ടുള്ളതെന്നും ക്രൂട്ടിച്ചേർത്ത യാതൊരു പാടും കാണ്മാനില്ലെന്നും പ്രഖ്യാപനം ചെയ്യപ്പെട്ടു. 1891-ൽ ഈ തിരു അങ്കിയെ 192530 തീർത്ഥ യാത്രക്കാർ സന്ദർശിച്ചു. ഇതിനും പുറമെ അർജെന്റയിൻ എന്ന സ്ഥലത്തു് ഇതുപോലെയുള്ള വെറൊന്ന് സൂക്ഷിക്കപ്പെട്ടിരുന്നുണ്ട്. പക്ഷെ അതു മിക്കവാറും തന്റെ ബാല്യദശയിൽ ഉപയോഗിച്ചിരുന്ന നെടിയ വസ്ത്രം ആയിരിക്കാനേ പാടുള്ളു. ഫ്രഞ്ചു പരിവർത്തന കാലത്തു ഇതിനെ സുരക്ഷിതമാക്കുന്നതിന് അവിടത്തെ ബഹുമാനാർഹരായ ചിലർ അതിനെ നാലുകഷണങ്ങളായിക്കീറി

വി. സോപാനം. 28.പടികളുള്ളതും വെള്ള മാർബിൽ കല്ലുകൊണ്ടു ഉണ്ടാക്കി പീലാത്തോസിന്റെ അരമനയിലേക്ക് കയറുന്നതിന് ഉപയോഗിച്ചതുമായ ഈ സാധനം റോമായിലുള്ള ലത്തരാൻ പള്ളിയിൽ കാണാവുന്നതാണ്. ഇതിന്മേൽ ദിവ്യരക്ഷകൻ തന്റെ കഷ്ടാനുഭവനാളുകളിൽ പലപ്രാവശ്യം കയറുകയും ഇറങ്ങുകയും ചെയ്തതായിൽ ഒരവസരത്തിൽ തന്റെ കരത്തിൽ ഒരു ഞാങ്കണയും ശിരസിൽ ഒരു മുൾമുടിയും വഹിച്ചുകൊണ്ട് അതിന്റെ ഉച്ചിയിൽ നിൽക്കുമ്പോഴാണ് "ഇതാ മനുഷ്യപുത്രനെ കണ്ടാലും" എന്ന് പീലാത്തോസ് ഉച്ചരിച്ചുകൊണ്ട് ആ വലിയ ജനക്കൂട്ടത്തിന് ക്രിസ്തുവിനെ പരിചയപ്പെടുത്തികൊടുത്തതു്. തീർത്ഥ യാത്രക്കാർ മുട്ടുകുത്തിക്കൊണ്ട് ഇതിന്മേൽ കയറുകയും ആ അവസരത്തിൽ അതിനെ ചുംബിക്കയും ചെയ്യുന്നു. ഇതാചിയാരാജാവ് പരിശുദ്ധ പാപ്പായിൽ നിന്ന് അവരുടെ ലൗകികാധികാരത്തെ ബലാൽക്കാരമായി എടുക്കുന്നതിന് ഏതാനും ദിവസങ്ങൾക്കു മുമ്പായി (1870. സെപ്റ്റംബർ 19.) ഒൻപതാം പീയൂസ് മാർപ്പാപ്പാ റോമിലെ രാജാവെന്ന നിലയിൽ ഈ ഏണിപ്പടി കയറിഇറങ്ങി.

കൽത്തൂൺ. മൂന്നര അടിനീളമുള്ളതും കറുത്തതും വെളുത്തതുമായ നിറമുള്ളതുമായ ഒരു കൽത്തൂണിലത്രെ മിശിഹായെ ചേർത്തു കെട്ടിയതു്. ഇന്നു് ഇതിനെറോമ്മിലുള്ള (St. Praxedes) വി. പ്രാക്സ്സെദസ് ദേവാലയത്തിൽ സൂക്ഷിച്ചുവച്ചിട്ടുണ്ട്.

തിരുരക്തം. ലോകരക്ഷകന്റെ അവസാന നാഴികയിൽ ചിന്തിയതും നിക്കോദേമൂസ് സൂക്ഷിച്ചു് എടുത്തുഎന്നു പറയപ്പെട്ടിരുന്നതുമായ ഏതാനും തുള്ളി രക്തം ഇറവ്വിയിലുള്ള ജെനോവാപട്ടണത്തിലെ Sacro-Sancto എന്ന ദേവാലയത്തിൽ സൂക്ഷിച്ചു വച്ചിട്ടുണ്ടെന്നറിയുന്നു.

വിശുദ്ധ

കന്യകമറിയം.*

(വേദപുസ്തകം മാത്രം)

(റവ. ഫാദർ സെബാസ്റ്റ്യൻ ചെമ്പകശേരി.)

I

രാജകുലം.

വിശുദ്ധ കന്യകമറിയം ദാവീദുരാജാവിന്റെ കുലത്തിൽ പെട്ട ഒരു കുമാരിയായിരുന്നു. രാജകീയമായ മറിയത്തിന്റെ ജന്മത്തെ വേദ പുസ്തകം പ്രസ്പഷ്ടമായി രേഖപ്പെടുത്തുന്നുണ്ട്. ഉദാഹരിക്കുന്നതായാൽ:—വി. പൌലോസു ശ്ലീഹാ "യേശുക്രിസ്തു ദാവീദിന്റെ സന്താനത്തിൽ നിന്നും ജഡപ്രകാരം ജനിച്ചു" (റോമ. I. 5.) എന്നു പ്രസ്താവിക്കുന്നു. സുവിശേഷകന്മാരുടെയായ വി. മത്തായി I. 20 "ദാവീദിന്റെ പുത്രനായ യൌസേപ്പേ! നിന്റെ വധുവായ മറിയത്തെ സ്വീകരിക്കുന്നതിനു നീ ഭയപ്പെടേണ്ട. എന്തു കൊണ്ടെന്നാൽ അവളിൽ ജനിച്ചിരിക്കുന്നതു പരിശുദ്ധാത്മാവിയാൽ ആണ്" എന്ന വാക്യത്തിൽ നിന്നും വി. ലൂക്കാ I. 35 "പരിശുദ്ധാത്മാവി നിന്നിൽവരുകയും ദൈവത്തിന്റെ ശക്തി നിന്നിൽ പ്രതിഫലിക്കുകയും ചെയ്യും. നിന്നിൽ നിന്നു ജനിക്കുന്ന ആൾ ദൈവത്തിന്റെ പുത്രൻ എന്നു വിളിക്കപ്പെടും" എന്ന വാക്യത്തിൽ നിന്നും ക്രിസ്തു വി. യൌസേപ്പിന്റെ പ്രവൃത്തിയാൽ അല്ല, പരിശുദ്ധാത്മാവിയുടെ ശക്തിയാൽ ആണ് എന്ന് തെളിയുന്നുണ്ട്. ഇതിൽനിന്നും മറിയം ദാവീദിന്റെ സന്താനത്തിൽ നിന്നല്ലായെങ്കിൽ ക്രിസ്തുവും ദാവീദിന്റെസന്താനത്തിൽ നിന്നല്ല. യേശുക്രിസ്തു ജഡപ്രകാരംപൂർത്തിയായി മറിയത്തിൽ നിന്നാണ്. എന്നാൽ യേശുക്രിസ്തു ജഡപ്രകാരം ജനിച്ചതു ദാവീദു രാജാവിന്റെ സന്താനത്തിൽ നിന്നാകുന്നുവെന്ന് വി. പൌലോസ് ശ്ലീഹാ പറയുന്നു. അതു കൊണ്ട് മറിയവും ദാവീദു രാജാവിന്റെ സന്താനത്തിൽ നിന്ന് അഥവാ കുലത്തിൽ നിന്നും ആണ് എ

---

* മംഗലപുരം സെമിനാരി സ്ക്രിപ്ചർ പ്രൊഫസർ ഫാദർ മക്രി എസ്. ജെ. അവർകളുടെ ലെക്ചേർസ് അസ്പദമാക്കി എഴുതിയിട്ടുള്ളതു്.

ന്ന് സകാരണം സ്ഥാപിക്കാവുന്നതാണ്. വെദ പുസ്തകത്തിൽ വേറെയും വലഭാഗങ്ങൾ ഇതിനെ തെളിയിക്കുന്നുണ്ട്.

II. വ്രതം

വിശുദ്ധ മറിയം ഈശ്വര പ്രബോധനത്താൽ സനാതന വ്രതശപഥം ചെയ്തിരുന്നു. കത്തോലിക്കാസഭ പഠിപ്പിക്കുന്ന ഈ തത്വം വേദ പുസ്തകത്തിൽ നിന്ന് തെളിയിക്കാവുന്നതാണ്. വി. അഗുസ്തീനോസിനെ അനുകരിച്ച് വേദപുസ്തകത്തിൽ നിന്നും മറിയം കന്യാവ്രത ശപഥം ചെയ്തിരുന്നു വെന്നുസ്ഥാപിക്കാം.

ലൂക്കാ 1 34... { "നി പുത്രനെ പ്രസവിക്കും, മലാഖ പറഞ്ഞ
"എങ്ങിനെ, ഞാൻ പുരുഷനെ അറിയുന്നില്ലല്ലൊ"
മറിയം ചോദിക്കുന്നു.

"എങ്ങിനെ" എന്നുള്ള ചോദ്യത്തിന് സാധാരണ രീതിയിൽ മറുപടി പറയുന്നതായാൽ, നിന്നെ വരനിൽ നിന്നും: അതു അനുചരക്കപ്പെട്ടിട്ടുള്ളതാണ്. അതായിത് മനുഷ്യപ്രവൃത്തിയാൽ: യൌസേപ്പിൽ നിന്നല്ലാതെ മറ്റാരിൽ നിന്നുമല്ല. അന്യമായിട്ടുള്ളതു പാപവും ദൈവം അവശ്യപ്പെടാത്തതുമാണ്. ഇതിൽ നിന്നും: ഇപ്രകാരമെങ്കിൽ മറിയം "എങ്ങിനെ" എന്നു ചോദിക്കുന്നതെന്തിന്? എന്നാൽ അപ്രകാരം ചോദിച്ചുവെങ്കിൽ അതു ദാമ്പത്യജീവിതത്തിലുള്ള പ്രതിഷേധത്തെ തെളിയിക്കുന്നു. പ്രതിഷേധം "വരനെ ഞാൻ അറിയുന്നില്ല" എന്നതാണ്. എന്നാൽ പരിശുദ്ധാത്മാവിയുടെ ശക്തിയാൽ മിശിഹാ ജനിക്കുമെന്ന് മറിയം അറിഞ്ഞിരുന്നെങ്കിൽ ദൈവം മാലാഖയെ അയയ്ക്കുകയോ മറിയം മാലാഖയോട് "എങ്ങിനെ" എന്നു ചോദിക്കുകയോ ചെയ്യേണ്ടകാരണം ഇല്ല. അതുകൊണ്ട് അവൾ അതു പരിശുദ്ധാത്മാവിയാൽ ആണ് എന്ന് അറിയാതിരിക്കുകയും "എങ്ങിനെ" എന്നു ചോദിക്കുകയും (ചോദ്യം അർത്ഥശൂന്യമല്ലാത്തതിനാൽ) ചെയ്തുകൊണ്ട് മറിയം വ്രത ശപഥം ചെയ്തിരുന്നുവെന്ന് അനുമാനിക്കാവുന്നതാണ്. മറിയം വ്രത ശപഥം ചെയ്തിട്ടില്ലായിരുന്നു വെങ്കിൽ മാലാഖ പരിശുദ്ധാത്മാവിയാൽ പുത്രൻ ജനിക്കുന്നതിന് ദാമ്പത്യത്തിൽ നിന്ന് വിരമിക്കുന്നതിന് അവളോട് പറയുമായിരുന്നു.

ഈശ്വര പ്രബോധനത്താൽ മറിയം വ്രതശപഥം ചെയ്തുകയാൽ അതിന്റെ പൂർത്തീകരണത്തിലും ദൈവം തന്നെ സഹായിക്കുമെന്നു മറിയത്തിന് അറിയാമായിരുന്നു. തൻമൂലം വ്രതശപഥം മറിയത്തെ മാതാപിതാക്കളുടെ ഹിതത്തിൽ നിന്നും വിഭിന്നമായി വിവാഹത്തിൽ നിന്നും വിരമിക്കുന്നതിന് കാരണമാക്കിയില്ല. മാതാപിതാക്കൾ പുത്രിയെ വിവാഹം ചെയ്തുകൊടുത്തു. ലൂക്കാ രണ്ടാം അദ്ധ്യായത്തിൽ നിന്നു തെളിയുന്നതു പോലെ ദാവീദ്‌രാജവംശജനായ യൌസേപ്പിനെക്കൊണ്ട് വിവാഹം നടത്തിയിരുന്നു. (വിധവ രണ്ടാമർ ഒരേ വംശത്തിൽപെട്ടവരായിരിക്കണം എന്നതു പഴയ നിയമ

ത്തിലെ ഒരു ആചാരമായിരുന്നു) എങ്കിലും മറിയം വരൻ വന്നു സ്വീകരിക്കുന്നതുവരെ സ്വപിതാക്കളുടെ ഭവനത്തിലാണ് വസിച്ചിരുന്നത്. ഈ അവസരത്തിൽ യഹൂദന്മാരുടെ ആചാരങ്ങളെപ്പറ്റി ചിലതു പ്രസ്താവിക്കേണ്ടതുണ്ട്.

പഴയനിയമത്തിൽ വാഗ്ദാനം (Sponsalia), വിവാഹം (Matrimonium), ഇവ രണ്ടും ഒരേ അർത്ഥത്തിൽ ഉപയോഗിക്കപ്പെട്ടിരുന്നു. ഇതു ആവർത്തനപുസ്തകം XXII-ാം അദ്ധ്യായത്തിൽ നിന്നു തെളിയുന്നതാണ്. ആവർത്ത. XXII. 22. വിവാഹാനന്തരം വരനാൽ അറിയപ്പെട്ട ഭാര്യയെപ്പറ്റി പ്രസ്താവിക്കുന്നു. XXII. 23-ാം വാക്യത്തിൽ വാഗ്ദത്ത കന്യകയെപ്പറ്റി പറയപ്പെട്ടിരുന്നു. XXII 24. അവളെ ആ കന്യകയെ ഭാര്യയെന്നു വിളിക്കുന്നു. XXII 29. ഭാര്യയെന്ന സംജ്ഞ വിവാഹാനന്തര കാലത്തെന്നു കുറിക്കുന്നതു. വരൻ വന്നു സ്വീകരിക്കുന്നതുവരെ വാഗ്ദത്തകന്യക (Sponsata) സ്വപിതാക്കളുടെ ഭവനത്തിൽ വസിച്ചിരുന്നതു XX. 7 വാക്യംവെളിപ്പെടുത്തുന്നു. XX. 3 വാക്യത്തിൽ വാഗ്ദാനംചെയ്യപ്പെട്ടവൾ എന്ന സംജ്ഞ വിവാഹാനന്തരമുണ്ടായിരുന്നതു അവൾ വരൻ അവളുടെ ഗൃഹത്തിൽനിന്നു സ്വീകരിക്കുന്നതുവരെയുള്ള ഭാര്യയുടെ പേരാകുന്നുവെന്നുകാണിക്കുന്നു. ഇതിൽനിന്നും വി. മത്തായി 1. 18"വധുവിനെ സ്വീകരിക്കുന്നതിനുമുമ്പു"എന്ന വാചകം യൗസേപ്പു മറിയത്തെ അവളുടെ ഗൃഹത്തിൽ വന്നു സ്വീകരിക്കുന്നതിനുമുമ്പു് എന്നു് ദ്യോതിപ്പിക്കുന്നു. വി. മത്തായി 1. 24. "വധുവിനെ സ്വീകരിച്ചു"വെന്നതു് ഇതു തെളിയിക്കുന്നുണ്ടു്. മറിയം ഭാര്യയായിരുന്നു. എന്തുകൊണ്ടെന്നാൽ അവൾ വാഗ്ദാനം ചെയ്യപ്പെട്ടവൾ ആയിരുന്നു. വിവാഹാനന്തരം മറിയം യഹൂദന്മാരുടെ ആചാരപ്രകാരം നസ്രത്തിലുള്ള സ്വമാതാപിതാക്കളുടെ ഭവനത്തിലാണ് വസിച്ചിരുന്നതു.

III ഔന്നത്യം

മത്തായി I. ലൂക്കാ I. ഗലിലിയിലുള്ള നസ്രത്തിലെ ഗൃഹത്തിൽ ഗബ്രിയേൽ മാലാഖാ കാണപ്പെട്ടു് "നന്മനിറഞ്ഞ മറിയമെ, നിനക്കു സ്വസ്തി! കർത്താവു നിന്നോടുകൂടെ, സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ നീ" എന്നു് അഭിവാദ്യം ചെയ്തു. അഭിവാദ്യം മറിയത്തെ ഭയചിത്തയാക്കി. ഭീതിയുടെ ഹേതു ദൈവദൂതൻ കാണപ്പെട്ടുവെന്നതായിരുന്നില്ല. "നന്മനിറഞ്ഞ മറിയമെ, നിനക്കു സ്വസ്തി, കർത്താവു നിന്നോടുകൂടെ" എന്നവാക്കുകൾ ഭയത്തെക്കാൾ സന്തോഷമാണു് ഉളവാക്കുന്നതു്. കൂടാതെ "കർത്താവു നിന്നോടുകൂടെ" എന്നതു് സാധാരണമായ ഒരു വചനവുമാണു് 1. പിന്നെ മറിയത്തിൽ ഭയം ഉദിപ്പിച്ച ഹേതു എന്തായിരിക്കാം. അതു് ഏതുവിധമുള്ള ഒരു അഭിവാദ്യമായിരുന്നുവെന്നു് അറിയാതിരുന്നതായിരുന്നു. അല്ലെങ്കിൽ നിജവ്രത ശപഥത്തെ ഭജിക്കുമാറു് "സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ നീ" എന്നസന്താന ലാഭത്തേയും മാതൃത്വത്തേയും ദ്യോതിപ്പിക്കുന്ന വാക്കുകൾ ആയിരുന്നു. എന്നിട്ടും മറിയം മാലാഖാ

1. Ruth. II 4.

യുടെ ദൌർബ്ബല്യത്തെ നിശ്ശങ്കം വിശ്വസിച്ചു. മറിയത്തിന്റെ ഭീതികണ്ട് ദൈവദൂതൻ „മറിയമെ, നീഭയപ്പെടേണ്ട. എന്തുകൊണ്ടെന്നാൽ നീ ദൈവത്തിന്റെ പക്കൽ വരം കണ്ടെത്തി. നീ ഗർഭം ധരിക്കുകയും ഒരു പുത്രനെ പ്രസവിക്കുകയും ചെയ്യും. നീഅവന്റെ പേർ ഈശോ എന്നുവിളിക്കും. ദൈവം തനിക്ക് ദാവീദിന്റെ സിംഹാസനം നൽകുകയും അവൻ അനവരതം യാക്കോബിന്റെ ഭവനത്തിൽ ഭരിക്കുകയുംചെയ്യും.„ 2

ദൈവദൂതൻ എന്തിനായിഅയയ്ക്കപ്പെട്ടു.? മറിയത്തിന്റെ സമ്മതിയെ വാങ്ങിക്കുന്നതിനായിട്ടല്ല. മാലാഖാ അറിയിക്കുകമാത്രമല്ല, ആജ്ഞാപിക്കുകയുംചെയ്തു. അതെ, „നീഗർഭം ധരിക്കും„ (ലൂക്കാ 1. 31) എന്നത് ഭാവിയിൽ പൂർത്തികരിക്കപ്പെടേണ്ട ഒരു ആജ്ഞയാണ്'. മാലാഖാ „നീഗർഭംധരിക്കും„എന്ന ഒരു അപ്രമാദാജ്ഞയെ നൽകി. എന്നാൽ ഈ ആജ്ഞ പ്രത്യക്ഷ(Explicita)മായുള്ളതായിരുന്നില്ല. പരോക്ഷ (Implicita)മായുള്ളതു മാത്രമായിരുന്നു.

മറിയം മാലാഖായുടെ നിദേശത്തെ നിശ്ശങ്കം വിശ്വസിച്ചു. വ്രതശപഥം ചെയ്തിരുന്ന കന്യക ഒരേസമയത്ത് കന്യകയും മാതാവും ആയിരിക്കുന്നത് എങ്ങനെയെന്നറിയാതെ അതു് എങ്ങിനെസംഭവിക്കും? ഞാൻ വരനെ അറിയുന്നില്ല എന്നുമറിയം ചോദിച്ചു. മാലാഖാ "പരിശുദ്ധാത്മാവു നിന്നിൽ വരികയും സർവ്വോന്നതന്റെ ശക്തിനിന്നിൽ പ്രതിഫലിക്കുകയും ചെയ്യും. നിന്നിൽനിന്നു ജനിക്കുന്ന ആ പരിശുദ്ധമായതു് ദൈവപുത്രൻ എന്നു് വിളിക്കപ്പെടും.„അനന്തരം എലിസബത്തിനു് ഭവിഷ്യവാ അവളെ ധൈര്യപ്പെടുത്തുവാൻ എന്നതോന്നുമാറു് അറിയിച്ചു. „ഇതാ വന്ധ്യയെന്നു വിളിക്കപ്പെട്ടിരുന്ന നിന്റെ ബന്ധുവായ എലിസബത്തു് വാർദ്ധക്യകാലത്തു് ഗർഭംധരിച്ചു് ആറു മാസക്കാലമായി. ദൈവത്തിൽ നിന്നുള്ള ഏതുവാക്കും അസാധ്യമല്ല.„ എന്നുപറഞ്ഞു. (ഇതിൽനിന്നും എലിസബത്തിനു ഭാവിച്ചവ മറിയം അറിഞ്ഞിരുന്നില്ല എന്നു് അനുമാനിക്കാം. മറിയം അറിഞ്ഞിരുന്നുവെങ്കിൽ ദൈവദൂതൻ പറയേണ്ടകാരണം ഇല്ലല്ലൊ.) മറിയം വ്രത ശപഥം ചെയ്തിട്ടുണ്ടായിരുന്നുവെങ്കിലും ദൈവം വ്രതവും മാതൃത്വവും ഒരേസമയത്തു് ഒരാളിൽ പാലിക്കുമെന്നുറച്ചു് „കർത്താവിന്റെ അടിയാട്ടി ഇതാ നിന്റെ വചനം പോലെ എന്നിലാകട്ടെ„ എന്നുപറഞ്ഞു.

മറിയത്തെപ്പറ്റി മാതാപിതാക്കളും സമീപ വാസികളും ഒന്നും സംശയിച്ചില്ല. യൌസേപ്പിനേക്കാളധികം മറിയത്തിനു് ഒരു വലിയ വ്യാകുലമായിരുന്നു.അവൾക്കു വരനെ ആ അത്ഭുതത്തെ അറിയിക്കാമായിരുന്നില്ലെ.? അറിയിച്ചാൽ വിശ്വസിക്കുമൊ. ആർ ഇതു് വിശ്വസിക്കും.? മറിയം സകലവും ദൈവത്തിൽതന്നെ കൈയാളിച്ചു് ഒന്നും പ്രവർത്തിച്ചില്ല. (തുടരും)

---

2. Jud. XIII 3.

വർത്തമാനക്കുറിപ്പുകൾ.

ബഥന്യാശ്രമത്തിലെ വികാരി ആയിരുന്ന റവ. ഫാദർ ഗീവറുഗീസു ഒ. ഐ. സി. അവർകൾ കഴിഞ്ഞ മാസത്തിൽ സ്ഥലത്തെ അരമനയിൽ വരികയും പിന്നീടു ചെത്തിപ്പുഴ ആശ്രമത്തിൽ താമസിച്ചശേഷം ഒട്ടുവിൽ കത്തോലിക്കാ സഭയെ ആശ്ലേഷിക്കുകയും ചെയ്തിരിക്കുന്നു. ഇദ്ദേഹം സ്ക്കൂൾഫൈനൽ പരീക്ഷ പാസ്സായിട്ടുള്ളതിനും പുറമേ, സെറാംപൂർ കോളേജിൽ നിന്നും വൈദിക ബിരുദം സമ്പാദിച്ചിട്ടുള്ള ആളും യാക്കോബായ ജനതയുടെ ഇടയിൽ ഒരു സുസമ്മതനുമാണ്.

"ആംഗ്ലോ കത്തോലിക്കാ" എന്ന പേരിൽ അറിയപ്പെടുന്ന സമൂഹത്തിലെ ഒരു ശ്രേഷ്ഠാംഗവും സുപ്രസിദ്ധവാഗ്മിയുമായ ഫാദർ പേർണൻ എന്ന ഇംഗ്ലീഷുകാരൻ പ്രോട്ടസ്റ്റൻറു പാഴ്സൺകത്തോലിക്കാസഭയിൽ ചേരുവാനുള്ള പ്രാരംഭ പഠനങ്ങൾ പഠിച്ചുവരുന്നതായി കാണുന്നു.

ഇംഗ്ലണ്ടിലെ പ്രസ്റ്റൺ എന്ന ഇടവകയിൽ ശരാശരി 28 പ്രോട്ടസ്റ്റാൻറുകാർ വീതം പ്രതിവർഷം മാനസാന്തരപ്പെട്ടുവരുന്നതായി കണക്കുകൊണ്ടു കാണുന്നു.

"പിതൃത്വാവാദ ധ്വംസനം" എന്നപേരിൽ തിരുവനന്തപുരത്തെ സിറിപ്രസ്സു മാനേജർ മി. ഫെർണാണ്ടസ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു പുസ്തകം അഭിപ്രായത്തിനയച്ചതു നന്ദിപൂർവ്വം കൈപ്പറ്റിയിരിക്കുന്നു. പ്രസ്തുത പുസ്തകത്തിൽ ശ്രീമാൻ ഐ. സി. ചാക്കോയുടെ മൂന്നു ഉപന്യാസങ്ങളും "പാപ്പാധിപത്യപ്രതിവാദം" എന്ന അഭിധാനത്തിൽ മി. എൻ. വി. ജോസഫ് ബി. എ. ബി. എൽ. എഴുതിയ ഒരു ലേഖനവുമുണ്ട്. മെസ്സേഴ്സ് ചാക്കോയുടേയും ജോസഫിൻറെയും പ്രസ്തുത ലേഖനങ്ങൾ ഇതിനുമുൻപു പ്രസിദ്ധീകൃതങ്ങളായിട്ടുള്ളതും പലരും വായിച്ചിട്ടുള്ളതുമാകകൊണ്ടും ഈ അവസരത്തിൽ വിശേഷ വിധിയായി ഒന്നും പറയേണ്ടതായിട്ടില്ല. പാപ്പായുടെ പരമാധികാരവും ആധിപത്യവും സംബന്ധിച്ചു യുക്തിയുക്തമായ വിധത്തിലും ശാസ്ത്രീയരീതിയിലും പ്രസ്തുത പുസ്തകത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. ഈ പുസ്തകം 6 ണ വിലയ്ക്കു പ്രസാധകനോടാവശ്യപ്പെടേണ്ടതാണ്.

പരസ്യങ്ങൾ.

ഭക്തസാമാനങ്ങൾ.

അലൂമിനീയം വെന്തീങ്ങക്കാശ്രുരൂപങ്ങൾ *

				Rs.	As.	Ps
324	കുക്കടവൃത്തം	ഡസൻ	1	0	3	0
231	നീളാകൃതി	:		0	3	0
337	വൃത്തം	:		0	3	0
328	,,	:		0	5	0
7030	ചതുരഇരട്ടത്തട്ട്	:		0	5	0
342	കുരിശാകൃതി	:		0	5	0
7023	ചതുരഒറ്റത്തട്ട്	:		0	7	0
35	ഒറ്റത്തട്ട്	:		0	5	0
8	ഇത്താല്യൻകാശ്രു്	:		0	5	0
7031	ചതുര ഇരട്ട:വലിയതു്	:		0	7	0
11	കുക്കടവൃത്തം	:		0	7	0
399	നക്ഷത്രഭാഷ	:		0	10	0
321	മുന്തിരിവള്ളിക്കെട്ട്	:		0	10	0
207	വിചിത്രകുരിശു	:		0	10	0
298	കുരിശുഭാഷ	:		0	9	0
101	വി. കൊ. ത്രേ. ചെറു.	:		0	3	0
102	,, ,, വലുതു	:		0	5	0
24	കുക്കടവൃത്തം സൊഡാലിറ്റിവലുതു്	:		1	0	0
25	മുട്ടഭാഷ ചെറുതു്	:		0	10	0
5001	മുന്തിരിങ്ങാവള്ളി:തിരുഹൃ:	:		0	12	0
5002	ശ്രു. കുർബാന	:		0	12	0

* കാശ്രുരൂപങ്ങൾ ഒരേസമയത്തു 10 രൂപാക്കു എടുക്കുന്നവർക്കു 10നു 2 കമ്മീഷൻ കൊടുക്കപ്പെടും.

വെള്ളി സാമാനങ്ങൾ.

ചരടുകൾ


1–ാം	ചരടു	ചൈനാപ്പട്ടു്	18	നീളം	വളയം	1-നു	0	13 0
2–ാം	,,	പിരിച്ചതു്	7	,,	,,	,,	0	12 0
3–ാം	,,		2	,,	,,	,,	0	8 0

4–ാം	,,		1	,,	,,	,,	0	3	6
			കമ്പികൾ						
1–ാം	കമ്പിവളയം					1–ന്	0	1	6
2–ാം	,,				,,	,,	0	2	6
3–ാം	,,				,,	,,	0	3	6
4–ാം	,,				,,	,,	0	4	0
ആക്കമുടിവളയം		1–ാംതരം				,,	0	9	0
അലുമ്യൂസുകട്ട		1ാം	,,		,,	,,	0	1	9
,,		2	,,		,,	,,	0	4	0
,,		3	,,		,,	,,	0	2	0
,,		4	,,		,,	,,	0	1	6
അണി (Screw)		I=ന് .					0	1	6
പേന്തി (Bridge)							0	1	3
പരുന്തുവാൽ Tail (piece)			1–ന				0	7	0

ഈയ്യിടെ പുതുതായി പ്ലാൻസിൽനിന്നും വന്നുചേർന്നിട്ടുള്ളതും ക്ര രൂപാ മുതൽ ൫ രൂപാവരെ വിലയുള്ളതും വിവിധ വണ്ണങ്ങളോടുകൂടി യതുമായ റബ്ബേക്കുകൾ മിതമായവിലയ്ക്കു വില്പാൻ തയ്യാർ. ആവശ്യക്കാ ർ സ്ഥലത്തുവന്നുനോക്കി എടുക്കേണ്ടതാണ്. അഞ്ചൽ വഴിയായൊ ത വാൽവഴിയായൊ അയച്ചുകൊടുക്കുന്നതല്ല.

മേൽവിലാസം മാനേജർ,
പി. പാപ്പി ആൻഡ് കൊ. മാന്നാനം.

പ്രത്യേക വിജ്ഞാപനം.



വിശുദ്ധ ശൗര്യാർ പുണ്യവാന്റെ ജീവചരിത്രം


ദിവ്യ ശ്രീ മറാത്തിൽ കുര്യൻ കത്തനാർ രചിച്ചത്.

൨൪ വലിയ ചിത്രങ്ങളുള്ളതും നല്ല മേനിക്കടലാസിൽ, റോയൽ സൈസ്സിൽ ഭംഗിയായി അച്ചടിക്കപ്പെട്ടിട്ടുള്ളതും. കുറെപ്രതികളെ ബാ ക്കിയുള്ളു. വേഗം അപേക്ഷിക്കുക. വില അണ ൪ മാത്രം.

മാനേജർ, മദ്ധ്യസ്ഥൻ ബുക്ക്ഡിപ്പോ,
ചങ്ങനാശേരി.

വന്നിരിക്കുന്നു! ഒന്നാം തരം വന്നിരിക്കുന്നു!!

ആനമാക്കു ഓട്ടകലം.



ഒറയാന! ഇരട്ടയാന!!

സുപ്രസിദ്ധമായ

"കൊല്ലം ഹാരിസൺ ക്രോസ്സ് ഫീൽഡ കമ്പനി" വക എല്ലാത്തരം മേച്ചിൽ ഓട്ടകൾ; മരാമത്തുവകുപ്പുകാരാൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഇഷ്ടിക ദിനസ്സുകൾ, കമനീയങ്ങളായ പൂച്ചട്ടികൾമുതലായവമിതമായ വിലയ്ക്കു ആവശ്യക്കാക്കു കൊടുക്കുന്നതിനു ഞങ്ങൾ സദാ തയാർ.

ആറു, റോഡു, മുതലായ ഗതാഗതസൌകര്യങ്ങളുദ്ദേശിച്ചു ഞങ്ങളുടെ ഏജൻസി ആഫീസു, പാലാ കോട്ടയം റോഡിൽ കുരുവിനാൽ കുരിശുപള്ളിയുടേയും തോപ്പിൽ പീടികയുടേയും സമീപം സ്ഥാപിച്ചിരിക്കുന്നു. മെച്ചമേറിയ കൊല്ലം ഓട്ടകൾ വാങ്ങിക്കുന്നതിനായി ആവശ്യക്കാർ യാത്രാക്ലേശവും അനാവശ്യനഷ്ടവും മേലാൽ സഹിക്കേണ്ടതില്ലാ.

Messrs, Joseph & Joseph.
General Merchants, Cherppumkal.

ക്രിസ്തീയ വേദോപദേശ സംക്ഷേപം.

മെച്ചമായ അച്ചടി! തുച്ഛമായ വില!!

ഒന്നും രണ്ടും മൂന്നും ഭാഗങ്ങൾ

ക്രിസ്തീയ വേദോപദേശം ഒന്നും രണ്ടും മൂന്നും ഭാഗങ്ങൾ ഒന്നിച്ചു ചേർത്തു അച്ചടിച്ചിട്ടുള്ളതും പുരാണ ചരിത്രസംബന്ധമായ ഒട്ടനേകം മനോഹര പടങ്ങൾ ഉള്ളതുമായ ഈ പുസ്തകത്തിനൊത്ത വേറൊന്നു ഇതേവരെ ആരുംപ്രസിദ്ധപ്പെടുത്തിയിട്ടില്ല.

ച. ശുപതയുടെ മെത്രാനച്ചൻ തിരുമനസ്സിലെ പ്രത്യേകാംഗീകരണത്തോടുകൂടി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഈയിടെ ജർമ്മനിയിൽ നിന്നും വന്നിട്ടുള്ള പല വർണ്ണചിത്രങ്ങളുംചില്ല നസ്സുണ്ടു. ആവശ്യക്കാർതാഴെകാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കണം. സെൻറ സിബാസറ്റ്യൻ ബുക്ക ഡിപ്പോ, ചങ്ങനാശേരി.